11
2022
മാർച്ച്
വെള്ളി
കുംഭം 27


NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 254 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-254 പേജ് 4. വില 2.00 രൂപ




02 ഖാദി മേഖലയുടെ മൗലിക പുനഃസംഘാടനം നടപ്പാക്കും: മന്ത്രി പി. രാജീവ്

03 സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കാൻ എന്തെളുപ്പം

04 എല്ലാ സ്കൂളുകളിലും കൈറ്റിന്റെ ഇലാംഗ്വേജ് ലാബുകൾ: ഉദ്ഘാടനം ഇന്ന്



# ബിജെപി തേരോട്ടം; പഞ്ചാബ് തൂത്തുവാരി എഎപി

ന്യൂഡൽഹി: ഇന്ത്യയുടെ ഭാവിഭരണത്തിൽ നിർണായകമാകുന്ന ഉത്തർപ്രദേശ് ഉൾപ്പെടെ അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ നാലിടത്തും ബിജെപിക്കു വിജയം. പഞ്ചാബിൽ കോൺഗ്രസിനെ താഴെയിറക്കി ആം ആദ്മി പാർട്ടി അധികാരത്തിലെത്തി.

ഉത്തർപ്രദേശിൽ യോഗി ആദിത്യനാഥ് സർക്കാർ ഭരണത്തുടർച്ചയിലെത്തി. ഉത്തരാഖണ്ഡിലും ഭരണത്തുടർച്ചയോടെ ബിജെപി വിജയിച്ചു. ഗോവയിൽ തുടർച്ചയായി മൂന്നാം തവണയാണ് ബിജെപി ജയം. മണിപ്പൂരിലും ബിജെപിയാണ് ഏറ്റവും വലിയ ഒറ്റക്കക്ഷി.

തെരഞ്ഞെടുപ്പു നടന്ന അഞ്ചു സംസ്ഥാനങ്ങളിലും കോൺഗ്രസ് നിലംപരിശായി. ഉത്തർപ്രദേശിൽ ബിജെപിയുടെ പ്രധാന എതിരാളിയായ സമാജ്‌വാദി പാർട്ടിയുടെ വോട്ട് വിഹിതത്തിൽ വർധനയുണ്ടായിട്ടുണ്ട്. ഗോവയിൽ ബിജെപിക്കു സർക്കാർ രൂപീകരിക്കാൻ എല്ലാ പിന്തുണയും നൽകുമെന്ന് മഹാരാഷ്ട്രവാദി ഗോമന്തക് പാർട്ടി ഉറപ്പുനൽകിയിട്ടുണ്ട്. പഞ്ചാബിൽ ഭഗവന്ത് മാൻറെ നേതൃത്വത്തിൽ ആം ആദ്മി പാർട്ടി സർക്കാർ അധികാരത്തിലെത്തും.

ഉത്തരാഖണ്ഡിൽ അനായാസമായിരുന്നു ഭരണത്തുടർച്ചയെങ്കിലും മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയുടെ തോൽവി ബിജെപിയെ ഞെട്ടിച്ചു. ഖാത്തിമ മണ്ഡലത്തിൽ 6932 വോട്ടിനായിരുന്നു തോൽവി. കോൺഗ്രസിൻറെ മുൻ മുഖ്യമന്ത്രി ഹരീഷ് റാവത്തും പരാജയപ്പെട്ടു.

നാലു സംസ്ഥാനങ്ങളിലെയും തിളക്കമേറിയ വിജയം ആഘോഷിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തരമന്ത്രി അമിത്ഷായും ദേശീയ അധ്യക്ഷൻ ജെ.പി. നഡ്ഡയും പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് അടക്കമുള്ളവരും ഡൽഹി ബിജെപി ആസ്ഥാനത്തെത്തി.

# സംസ്ഥാന ബജറ്റ് ഇന്ന്

തിരുവനന്തപുരം: സംസ്ഥാന ബജറ്റ് ധനമന്ത്രി കെ.എൻ. ബാലഗോപാൽ ഇന്ന് അവതരിപ്പിക്കും. രാവിലെ ഒന്പതിനാണ് ബജറ്റ് അവതരണം ആരംഭിക്കുന്നത്. ബാലഗോപാലിൻറെ രണ്ടാം ബജറ്റ് ആണിത്. ആദ്യത്തെ സന്പൂർണ ബജറ്റും. കഴിഞ്ഞവർഷം തെരഞ്ഞെടുപ്പിനു ശേഷം പുതുക്കിയ ബജറ്റ് അവതരിപ്പിക്കുക മാത്രമായിരുന്നു. ഭൂമിയുടെ ന്യായവില വർധിപ്പിക്കുന്നതുൾപ്പെടെയുള്ള അധികവിഭവസമാഹരണ മാർഗങ്ങൾ ധനമന്ത്രി തേടിയേക്കും. കഴിഞ്ഞ വർഷത്തെ സാന്പത്തികാവലോകന റിപ്പോർട്ടും ഇന്നു സഭയിൽ സമർപ്പിക്കും. സാധാരണ ബജറ്റ് അവതരണത്തിനു തലേദിവസമാണ് സാന്പത്തികാവലോകന റിപ്പോർട്ട് പുറത്തു വിടുന്നത്. എന്നാൽ ഇത്തവണ പതിവു തെറ്റിക്കുകയാണ്.

# ഭരണഭൂപടത്തിൽനിന്ന് മാഞ്ഞുപോകുന്ന കോൺഗ്രസ്

ന്യൂഡൽഹി: ബിജെപിയുടെയും ആം ആദ്മി പാർട്ടിയുടെയും മിന്നുന്ന വിജയത്തിൽ കൂടുതൽ തകർന്നടിഞ്ഞത് കോൺഗ്രസാണ്. കോൺഗ്രസിൻറെ കുഴി തോണ്ടുന്നതു കോൺഗ്രസ് തന്നെയാണ്.

ശക്തമായ ദേശീയ നേതൃത്വത്തിൻറെ അഭാവവും സംഘടനാ ദൗർബല്യങ്ങളും തുടർവീഴ്ചകളും തെറ്റായ തീരുമാനങ്ങളും സ്തുതിപാഠകരും മുതൽ തമ്മിലടിക്കുന്ന നേതാക്കളും ജനങ്ങൾക്കിടയിലേക്കിറങ്ങി സജീവമായി പ്രവർത്തിക്കാൻ കഴിയാത്ത പുതുതലമുറ നേതാക്കളും പ്രവർത്തകരും എല്ലാം ചേർന്നു സ്വന്തം പെട്ടിയിൽ ആണിയടിക്കുകയാണ് കോൺഗ്രസ്. കുത്തിത്തിരിപ്പും പരസ്പരമുള്ള പാരവയ്പും പതിവായി. അധികാരത്തിനും പദവികൾക്കും പിന്നാലെ പാഞ്ഞ് ഒന്നുമില്ലാതാക്കുന്ന സ്ഥിതി.

തുടർച്ചയായ വൻ തിരിച്ചടികളിൽനിന്നു കോൺഗ്രസ് ഒരു പാഠവും പഠിച്ചിട്ടില്ല. തല്ലണ്ടമ്മാവാ ഞാൻ നന്നാകില്ല എന്ന ചൊല്ലു പോലെയാണു കോൺഗ്രസ് നേതാക്കളുടെ സമീപനം.

യുപി, ബിഹാർ, തമിഴ്നാട്, പശ്ചിമബംഗാൾ, ഒഡീഷ, ആന്ധ്രപ്രദേശ്, തെലുങ്കാന, ജമ്മു കാഷ്മീർ തുടങ്ങിയ പല പ്രധാന സംസ്ഥാനങ്ങളിലും തിരിച്ചുവരാനാകാത്ത വിധം കോൺഗ്രസ് ദുർബലമായിക്കഴിഞ്ഞു. ഏറ്റവുമൊടുവിൽ പഞ്ചാബും ഈ പട്ടികയിൽ സ്ഥാനം പിടിച്ചിരിക്കുന്നു.

കർണാടക, ആസാം, ഗുജറാത്ത്, ഡൽഹി, ഉത്തരാഖണ്ഡ്, ജാർഖണ്ഡ്, ഹരിയാന, ഹിമാചൽ പ്രദേശ്, ഗോവ, പുതുച്ചേരി, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ തുടങ്ങിയ മിക്കയിടങ്ങളിലും കോൺഗ്രസ് പാർട്ടിയുടെ ക്ഷീണം കൂടിവരുന്നതേയുള്ളൂ. രാജസ്ഥാനും ഛത്തീസ്ഗഡും മാത്രമായി കോൺഗ്രസ് ഭരണ സംസ്ഥാനങ്ങൾ. രണ്ടേ രണ്ടു കോൺഗ്രസ് മുഖ്യമന്ത്രിമാർ. മഹാരാഷ്ട്രയിൽ ശിവസേനയും എൻസിപിയും ഒപ്പമുള്ളതിനാൽ ഭരണത്തിൽ പങ്കാളിത്തമുണ്ട്. മുഖ്യമന്ത്രി അശോക് ഗെഹ്ലോട്ടും പിസിസി അധ്യക്ഷൻ സച്ചിൻ പൈലറ്റും പരസ്പരം ചേരിതിരിഞ്ഞു കളിക്കുന്ന രാജസ്ഥാനും അടുത്ത തെരഞ്ഞെടുപ്പോടെ നഷ്ടമാകാൻ സാധ്യതയേറെയാണ്.

കോൺഗ്രസ് മുക്ത ഭാരതമെന്ന ബിജെപിയുടെ മുദ്രാവാക്യം വിജയിപ്പിക്കാൻ കോൺഗ്രസ് തന്നെയാകും കൂടുതൽ സംഭാവന ചെയ്തത്. പാർട്ടിയുടെ ജനറൽ സെക്രട്ടറിപദവി പോലുമില്ലാതെയാണു കോൺഗ്രസിൻറെ സർവാധികാരങ്ങളും നിർണായക തീരുമാനങ്ങളും രാഹുൽ ഗാന്ധി എടുക്കുന്നത് . പ്രതിപക്ഷത്തിരിക്കുന്പോൾ ഉണ്ടാകേണ്ട സ്ഥിരതയും കഠിനാധ്വാനവും നേതൃമികവും തന്ത്രജ്ഞതയുമെല്ലാം പലപ്പോഴും രാഹുലിന് ഇല്ലാതെ പോകുന്നു.

കോൺഗ്രസുകാരനോ നല്ലൊരു രാഷ്ട്രീയക്കാരനോ പോലും അല്ലാത്ത നവജോത് സിംഗ് സിദ്ദുവിനെ പിസിസി അധ്യക്ഷനാക്കിയതും അമരീന്ദർ സിംഗിനെ ഏകപക്ഷീയമായി മാറ്റി കാര്യമായ സ്വാധീനമില്ലാത്ത ചരൺജിത് സിംഗ് ചന്നിയെ മുഖ്യമന്ത്രിയാക്കിയതും രാഹുലാണ്. രാഹുലും സിദ്ദുവും പരസ്പരം പോരടിച്ചു നിൽക്കുന്പോൾ കോൺഗ്രസിൻറെ പതിവിനു വിരുദ്ധമായി ചന്നിയെ മുഖ്യമന്ത്രി സ്ഥാനാർഥിയാക്കി പ്രഖ്യാപിച്ചതു പോലും തെറ്റായി.

കോൺഗ്രസിനു മുഴുസമയ നേതൃത്വവും സംഘടനാ തെരഞ്ഞെടുപ്പും ആവശ്യപ്പെട്ടു പാർട്ടി അധ്യക്ഷ സോണിയ ഗാന്ധിക്കു കത്തെഴുതിയ നേതാക്കളെപ്പോലും സംശയിക്കുകയും ഒറ്റപ്പെടുത്തുകയും ചെയ്യാനായിരുന്നു ശ്രദ്ധ. ഗുലാം നബി ആസാദ് മുതൽ പാർട്ടിയോടു തികഞ്ഞ കൂറുള്ള ജി 23 നേതാക്കൾ കത്തെഴുതിയിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു മാറ്റവും വരുത്താൻ നേതൃത്വം തയാറായില്ല. പ്രിയങ്ക ഗാന്ധി വദ്ര വളരെ കഷ്ടപ്പെട്ടിട്ടും യുപിയിൽ വെറും രണ്ടു സീറ്റിലേക്കു കോൺഗ്രസ് ചുരുങ്ങിയതു നൽകുന്ന സൂചന വലുതാണ്.

# രാഷ്ട്രപതി തെരഞ്ഞെടുപ്പിലും മോദിക്ക് ആത്മവിശ്വാസം

ന്യൂഡൽഹി: നിയമസഭാ തെരഞ്ഞെടുപ്പിലെ തിളങ്ങുന്ന വിജയത്തോടെ രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ സ്വതന്ത്രമായി തീരുമാനമെടുക്കാനുള്ള കരുത്തും പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വന്തമാക്കി. ഈ ജൂലൈ 24 നു രാഷ്ട്രപതി രാംനാഥ് കോവിന്ദിൻറെ കാലാവധി പൂർത്തിയാകും.

യുപിയിൽ ജനവിധി സമാജ്‌വാദി പാർട്ടിക്ക് അനുകൂലമായിരുന്നുവെങ്കിൽ രാഷ്ട്രപതി തെരഞ്ഞെടുപ്പിനു ബിജു ജനതാദൾ (ബിജെഡി) തെലുങ്കാന രാഷ്ട്ര സമിതി (ടിആർഎസ്) വൈഎസ്ആർ കോൺഗ്രസ് പാർട്ടി (വൈഎസ്ആർസിപി) എന്നിവയുടെ സഹായം മോദിക്ക് അനിവാര്യമായി വന്നേനെ.

രാജ്യസഭയിലെ 233 അംഗങ്ങൾക്കു പുറമേ ലോക്സഭയിലെ 543 അംഗങ്ങളും സംസ്ഥാന നിയമസഭകളിലെ 4,120 പ്രതിനിധികളും ഉൾപ്പെടെ 4,896 വോട്ടർമാരാണു രാഷ്ട്രപതി തെരഞ്ഞെടുപ്പിനുള്ളത്. ഓരോ എംപിയുടെയും വോട്ടിൻറെ മൂല്യം 708 ആയി നിജപ്പെടുത്തിയിട്ടുണ്ട്. എംഎൽഎയുടെ വോട്ടിംഗ് മൂല്യം 208 ഉം. യുപി നിയമസഭയുടെ മൊത്തം മൂല്യം 83,824 ആണ്. പഞ്ചാബ് (13,572) ഉത്തരാഖണ്ഡ് (4480) ഗോവ (800) മണിപ്പൂർ (1080) എന്നിങ്ങനെയാണു തെരഞ്ഞെടുപ്പ് നടന്ന നിയമസഭകളുടെ മൊത്തം മൂല്യം.

ഇപ്പോഴത്തെ സാഹചര്യത്തിൽ എൻഡിഎ വ്യക്തമായ മേധാവിത്വം സ്വന്തമാക്കിയിരിക്കുകയാണെന്ന് മുൻ ലോക്സഭാ സെക്രട്ടറി ജനറൽ പി. ശ്രീധരൻ അഭിപ്രായപ്പെട്ടു.

എൻസിപി അധ്യക്ഷൻ ശരദ് പവാറിനെയാണ് രാഷ്ട്രപതിസ്ഥാനാർഥിയായി പ്രതിപക്ഷത്തെ ഒരുവിഭാഗം ഉയർത്തിക്കാണിക്കുന്നത്. ടിആർഎസ് അധ്യക്ഷൻ ചന്ദ്രശേഖര റാവുവാണ് ഈ നീക്കത്തിൻറെ ചരടുവലികൾ നടത്തുന്നത്.

ബിജെപിയുടെ നേതൃത്വത്തിലുള്ള എൻഡിഎയിൽ വിള്ളലുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ബിഹാർ മുഖ്യമന്ത്രി നിതീഷ്കുമാറിനെയും നിർദേശിക്കുന്നവരുണ്ട്.

ശരത് പവാറിൻറെ എൻസിപിയും ഈ നിർദേശത്തെ അംഗീകരിക്കുന്നു എന്നതാണു മറ്റൊരു വസ്തുത.

# യോഗിക്കു രണ്ടാമൂഴം

ന്യൂഡൽഹി: ഉത്തർപ്രദേശിൽ ബിജെപിക്കും യോഗി ആദിത്യനാഥിനും രണ്ടാമൂഴം. 403 അംഗ യുപി നിയമസഭയിലേക്ക് 376 സീറ്റുകളിൽ മത്സരിച്ച ബിജെപി 274 സീറ്റുകളിലും വിജയിച്ചു. 2017ലെ തെരഞ്ഞെടുപ്പിൽ ബിജെപി 322 സീറ്റുകൾ നേടിയിരുന്നു. സഖ്യകക്ഷികളായ എഡിഎസിന് ഇത്തവണ പതിനൊന്നും എൻഎസ്എച്ച്ഡിക്ക് ഏഴും സീറ്റുകൾ ലഭിച്ചു.

403 സീറ്റുകളിലും സ്ഥാനാർഥികളെ നിർത്തിയ മായാവതിയുടെ ബിഎസ്പിക്ക് ഒരു സീറ്റിൽ മാത്രമാണ് ജയം. കഴിഞ്ഞ തവണ 19 സീറ്റുകൾ ലഭിച്ചിരുന്നു. 399 സീറ്റുകളിൽ മത്സരിച്ച കോൺഗ്രസാവട്ടെ രണ്ടിടത്തു മാത്രമാണു ജയിച്ചത്. കഴിഞ്ഞ തവണ ഏഴു സീറ്റുണ്ടായിരുന്നു.

യുപിയിൽ ബിജെപിയുടെ മുഖ്യ എതിരാളിയായിരുന്ന സമാജ് വാദി പാർട്ടി 347 സീറ്റുകളിലാണ് മത്സരിച്ചത്. 124 ൽ ജയിച്ചു. സഖ്യ കക്ഷിയായ ആർഎൽഡി 33 സീറ്റുകളിൽ മത്സരിച്ചതിൽ ഒൻപത് എണ്ണത്തിൽ മാത്രമാണ് വിജയിച്ചത്. മറ്റൊരു സഖ്യ കക്ഷിയായ എസ്ബിഎസ്പിക്ക് അഞ്ചു സീറ്റും ലഭിച്ചു.

ഹത്രാസ് ദളിത് പെൺകുട്ടിയുടെ ക്രൂര കൊലപാതകം, മുത്തലാഖ്, ലഖിംപൂർ ഖേരി കൂട്ടക്കൊല ഉൾപ്പടെയുള്ള സംഭവങ്ങളുടെ നിഴലിലാണ് ബിജെപി തെരഞ്ഞെടുപ്പിനെ നേരിട്ടത്. ഹത്രാസിലും ലഖിംപൂർ ഖേരിയിലും ബിജെപി വൻ മുന്നേറ്റമാണുണ്ടായത്.

# മീഡിയ വൺ വിലക്ക് ഫയലുകൾ ഹാജരാക്കാൻ സുപ്രീംകോടതിയുടെ നിർദേശം

ന്യൂഡൽഹി: മീഡിയ വൺ ചാനലിൻറെ സംപ്രേഷണം റദ്ദാക്കിയ കേന്ദ്ര വാർത്താവിനിമയ മന്ത്രാലയത്തിൻറെ ഉത്തരവിന് എതിരേ നൽകിയ ഹർജിയിൽ സുപ്രീംകോടതി കേന്ദ്ര സർക്കാരിന് കത്തയച്ചു.

ചാനൽ വിലക്കിന് കാരണമായ എല്ലാ രേഖകളും ഹാജരാക്കാനാണ് സുപ്രീം കോടതിയുടെ നിർദേശം. കേസിൽ മാർച്ച് 15ന് അടുത്ത വാദം കേൾക്കും. കേന്ദ്രത്തിൻറെ നടപടിയെ ചോദ്യം ചെയ്തു കൊണ്ടുള്ള മാധ്യമം മാനേജ്മെൻറും എഡിറ്റർ പ്രമോദ് രാമനും ജീവനക്കാരും സമർപ്പിച്ച ഹർജിയാണ് ജസ്റ്റീസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് പരിഗണിച്ചത്.

ലൈസൻസ് റദ്ദാക്കിയ കേന്ദ്ര വാർത്താ വിനിമയ മന്ത്രാലയത്തിൻറെ ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബഞ്ചും ശരിവച്ചതിനു പിന്നാലെയാണ് ചാനൽ സുപ്രീംകോടതിയെ സമീപിച്ചത്. രാജ്യസുരക്ഷയെ ബാധിക്കുന്ന വിഷയങ്ങൾ ഉള്ളതിനാലാണ് സുരക്ഷാ ക്ലിയറൻസ് നൽകാത്തതെന്ന കേന്ദ്ര സർക്കാർ നിലപാട് അംഗീകരിച്ചാണ് ഡിവിഷൻ ബഞ്ചിൻറെയും ഉത്തരവ്. ദേശസുരക്ഷയുടെ പേരിൽ ഉചിതമായ നിയന്ത്രണം ഏർപ്പെടുത്താൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ടന്നും കോടതി വ്യക്തമാക്കിയിരുന്നു.

# ഏറ്റവുമധികം ഭൂരിപക്ഷം രാജ്നാഥ് സിംഗിൻെറ മകന്

നോയിഡ: യുപിയിൽ ഏറ്റവും അധികം ഭൂരിപക്ഷം കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗിൻറെ മകൻ പങ്കജ് സിംഗിന്. നോയിഡ മണ്ഡലത്തിൽ പങ്കജ് തെരഞ്ഞെടുക്കപ്പെട്ടത് 1,81,513 വോട്ടിൻറെ വന്പൻ ഭൂരിപക്ഷത്തിലാണ്. പങ്കജ് 244,319 വോട്ട് നേടിയപ്പോൾ മുഖ്യ എതിരാളിയായ എസ്പിയിലെ സുനിൽ ചൗധരിക്ക് കിട്ടിയത് 62,806 വോട്ട്. ആകെ പോൾ ചെയ്തതിൽ 70.16 ശതമാനം വോട്ടും പങ്കജിനാണ്. 2017ൽ ഇതേ മണ്ഡലത്തിൽ 1.04 ലക്ഷം വോട്ടിൻറെ ഭൂരിപക്ഷത്തിനാണു പങ്കജ് വിജയിച്ചത്. അന്ന് പോൾ ചെയ്ത 64 ശതമാനം വോട്ട് പങ്കജിനായിരുന്നു.

യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഗോരഖ്പുർ അർബൻ മണ്ഡലത്തിൽ ഒരു ലക്ഷത്തിലേറെ വോട്ടിൻറെ ഭൂരിപക്ഷത്തിനാണു വിജയിച്ചത്. സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് കർഹാലിൽ 67,504 വോട്ടിനു വിജയിച്ചു. അഖിലേഷിൻറെ പിതൃസഹോദരൻ ശിവ്പാൽ യാദവ് ജസ്വന്ത്നഗർ മണ്ഡലത്തിൽ 90,979 വോട്ടിൻറെ വൻ മാർജിനിലാണു ജയിച്ചത്. ബിജെപിയുടെ മൂന്നു സ്ഥാനാർഥികൾക്ക് ഒരു ലക്ഷത്തിലേറെ വോട്ടിൻറെ ഭൂരിപക്ഷമുണ്ട്.

# സ്കൂൾ മേളകൾ പുനരാരംഭിക്കും: വിദ്യാഭ്യാസ മന്ത്രി

കളമശേരി: പുതിയ കാലത്തിൻറെ പ്രതിഭകളെ വാർത്തെടുക്കാൻ സഹായിച്ചിരുന്ന സ്കൂൾ ശാസ്ത്ര മേളയും കായിക മേളയും കലോത്സവവും അടുത്ത അധ!്യയന വർഷം പുനരാരംഭിക്കുമെന്നു മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. സംസ്ഥാന സർക്കാരിൻറെ നൂറുദിന പരിപാടിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിൻറെ ഭാഗമായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജി(എസ്ഐടി)യുടെ ആഭിമുഖ്യത്തിലുള്ള നവ സാങ്കേതിക പരിശീലന പരിപാടിയായ 'ടെക് ടാലൻറി'ൻറെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വിദ്യാർഥികൾ വിജ്ഞാനത്തിൻറെ ഉറവിടങ്ങളായി മാറുമ്പോൾ അധ്യാപകരുടെ നിലവാരവും അത്തരത്തിൽ ഉയരണം.






എൻ. എസ്. സഹകരണ ആയുർവേദ ആശുപത്രി കെട്ടിടം മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കുന്നു



അഞ്ചാലുംമൂട് ഹൈടെക് മാർക്കറ്റ് കെട്ടിടത്തിന്റെ പ്രവർത്തനോദ്ഘാടനം മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിക്കുന്നു

# എൻ.എസ്. ആയുർവേദ ആശുപത്രി കെട്ടിടം നാടിന് സമർപ്പിച്ചു

## സഹകരണ പ്രസ്ഥാനം മികവിനൊപ്പം മുഖ്യമന്ത്രി പിണറായി വിജയൻ

സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനം എക്കാലത്തും മികവിന് പ്രാധാന്യം നൽകിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എൻ.എസ്. ആശുപത്രിയുടെ പുതിയ ആയുർവേദ ആശുപത്രി കെട്ടിടം നാടിന് സമർപ്പിക്കുകയായിരുന്നു അദ്ദേഹം. രോഗികളെ ലാഭമുണ്ടാക്കാനുള്ള ചരക്കായി കാണുന്നതിനു പകരം മിതമായ നിരക്കിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നു എന്നിടത്താണ് സഹകരണ ആശുപത്രികളുടെ പ്രസക്തി. പ്രാപ്തരായവരെ നിയോഗിച്ചാണ് എൻ. എസ്. ആശുപത്രി അംഗീകാരം നേടിയത്. ഇതേ രീതിയൽ അറിവും വൈദഗ്ധ്യവുള്ളവരെ പുതു സംരംഭത്തിലും ഉൾക്കൊള്ളിക്കാനാകണം.

രാജ്യാന്തരതലത്തിൽ ഉൾപ്പടെ ആയുർവേദത്തിനുള്ള സാധ്യതകളെല്ലാം പ്രയോജനപ്പെടുത്താനാകണം. കണ്ണൂരിൽ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നത് ആ രംഗത്തെ ഗവേഷണത്തിന് മുതൽക്കൂട്ടാകും. വ്യത്യസ്ത വൈദ്യശാഖകൾ ഒന്നു ചേരുന്ന അവസ്ഥ സംജാതമായാൽ ചികിത്സാരംഗത്ത് വലിയ മാറ്റങ്ങളാകും ഉണ്ടാകുക. വിദഗ്ധരെ കൂടുതലായി സൃഷ്ടിക്കാനുള്ള പരിശീലന കേന്ദ്രങ്ങൾ കൂടുതലായി വരേണ്ടതുണ്ട്. ആയുർവേദ ചികിത്സ ലഭ്യമാക്കുന്ന ഇടങ്ങളിലെല്ലാം വൈദഗ്ധ്യമുള്ളവരാണോ ഉള്ളത് എന്ന് പരിശോധിക്കേണ്ടതുണ്ട്. യഥാർഥ ആയുർവേദ ചികിത്സ ഉറപ്പാക്കുകയാണ് പ്രധാനം എന്നും അദ്ദേഹം ഓർമിപ്പിച്ചു.

സഹകരണ പ്രസ്ഥാനത്തിന്റെ ജനോപകാരപ്രദമായ പ്രത്യേകതകൾ ഇപ്പോൾ ആതുരസേവന രംഗത്തും കൂടുതലായി കാണാനാകുന്നുവെന്ന് അധ്യക്ഷനായ സഹകരണ വകുപ്പ് മന്ത്രി വി. എൻ. വാസവൻ പറഞ്ഞു.

ജനങ്ങൾക്കൊപ്പം നിൽക്കുന്ന സഹകരണ പ്രസ്ഥാനം രാജ്യത്തിന് തന്നെ മാതൃകയാണെന്ന് മൃഗസംരക്ഷണക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു.

എം. നൗഷാദ് എം.എൽ.എ, കെ. എസ്. എഫ്. ഇ ചെയർമാൻ കെ. വരദരാജൻ, ആശുപത്രി പ്രസിഡന്റ് പി. രാജേന്ദ്രൻ, സെക്രട്ടറി പി. ഷിബു, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. യശോദ, ജില്ലാ പഞ്ചായത്ത് അംഗം എസ്. സെൽവി, എൻ.സി.ഡി.സി മേഖലാ ഡയറക്ടർ എസ്.കെ. തെഹദൂർ റഹ്മാൻ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ എസ്. മോഹനൻ പോറ്റി, കൊല്ലൂർവിള സഹകരണ ബാങ്ക് അധ്യക്ഷൻ അൻസർ അസീസ്, സഹകരണ ജീവനക്കാരുടെ സംഘടനയുടെ ജനറൽ സെക്രട്ടറി എൻ. കെ. രാമചന്ദ്രൻ, എൻ. എസ്. ആയുർവേദ ആശുപത്രി ചീഫ് കൺസൾട്ടന്റ് ഡോ. പി. കെ. മോഹൻലാൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. വി. കെ. ശശികുമാർ, വൈസ് പ്രസിഡന്റ് എ. മാധവൻപിള്ള തുടങ്ങിയവർ പങ്കെടുത്തു. ചടങ്ങിൽ ആതുര സേവന രംഗത്തെ മികവ് കണക്കിലെടുത്ത് ജില്ലാ ആശുപത്രി സൂപ്രണ്ട് ഡോ. വസന്ത ദാസ്, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. ആർ. സന്ധ്യ എന്നിവരെ ആദരിച്ചു.

# അഞ്ചാലുംമൂട് ഹൈടെക് മാർക്കറ്റ് പ്രവർത്തനത്തിൽ..

ജനകീയാസൂത്രണ പദ്ധതി പ്രകാരം നവീകരിച്ച കോർപ്പറേഷന്റെ അഞ്ചാലുംമൂട് ഹൈടെക് മാർക്കറ്റ് കെട്ടിടത്തിന്റെ പ്രവർത്തനോദ്ഘാടനം മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിച്ചു. കോർപ്പറേഷൻ പരിധിയിലെ മാർക്കറ്റുകളെല്ലാം ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യമിടുന്നതെന്ന് മേയർ പറഞ്ഞു. ഡെപ്യൂട്ടി മേയർ കൊല്ലം മധു അധ്യക്ഷനായി.

മാലിന്യ പ്ലാന്റ്, ശുചിമുറി, രണ്ടു കടമുറികൾ, മത്സ്യ വ്യാപാരത്തിനുള്ള ഹാൾ തുടങ്ങിയ സജ്ജീകരണങ്ങളുണ്ട്. 58,74104 രൂപയാണ് പദ്ധതി തുക. നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എ. കെ സവാദ്, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എസ്. ജയൻ കൗൺസിലർ ടി.ജി.ഗിരീഷ്, ജില്ലാ ലൈബ്രറി കൗൺസിൽ അധ്യക്ഷൻ ഡി. സുകേശൻ, കോർപ്പറേഷൻ സെക്രട്ടറി പി.കെ. സജീവ്, ഹെൽത്ത് ഇൻസ്പെക്ടർ എൻ.എസ്. ഷൈൻ, കൗൺസിലർമാർ, വ്യാപാരികൾ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# ഫുട്ട് ഓവർ ബ്രിഡ്ജ് ഉദ്ഘാടനം ഇന്ന്

കോർപ്പറേഷൻ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച ചിന്നക്കട സെന്റ് ജോസഫ് സ്കൂൾപാർവതി മിൽ ജംഗ്ഷൻ ഫുട്ട് ഓവർ ബ്രിഡ്ജ് ഉദ്ഘാടനം ഇന്ന് (മാർച്ച് 11) ഉച്ചയ്ക്ക് മൂന്ന് മണിക്ക് മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിക്കും. ഡെപ്യൂട്ടി മേയർ കൊല്ലം മധു അധ്യക്ഷനാകും.

കോർപ്പറേഷൻ സെക്രട്ടറി പി.കെ. സജീവ് റിപ്പോർട്ട് അവതരണം. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അധ്യക്ഷരായ എസ്.ഗീതാകുമാരി, ജി. ഉദയകുമാർ, എസ്.ജയൻ, യു.പവിത്ര, ഹണി, എ. കെ. സവാദ്, എസ്. സവിതാദേവി, കൗൺസിലർമാരായ ജോർജ്ജ് ഡി. കാട്ടിൽ, റ്റി. ജി. ഗിരീഷ്, എ.സി.പി ജി.ഡി.വിജയകുമാർ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

# ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ്

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് കളക്ടറേറ്റ് ആത്മാഹാളിൽ നടന്നു. 20 പരാതികൾ പരിഗണിച്ചു. നാലെണ്ണം തീർപ്പാക്കി. റിപ്പോർട്ട് തേടുന്നതിനും, അടുത്ത അദാലത്തിലേക്കുമായി 16 പരാതികൾ മാറ്റി. കല്ലുവാതുക്കലും, കരുനാഗപ്പള്ളിയിലും പൊതുശ്മശാനം നിർമ്മിക്കണം എന്ന ആവശ്യം പരിഗണിച്ചു എന്ന് കമ്മീഷൻ അംഗം അഡ്വ. മുഹമ്മദ് ഫൈസൽ പറഞ്ഞു. ജില്ലയിലെ ഭരത ക്രിസ്ത്യൻ വിഭാഗത്തിൽ പെട്ടവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിനായി ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല എന്ന പരാതിയിൽ കിർതാഡ്സിനോടും, സർക്കാരിനോടും, ആഭ്യന്തര സെക്രട്ടറിയോടും കമ്മീഷൻ റിപ്പോർട്ട് തേടി.

# റാങ്ക് പട്ടിക റദ്ദാക്കി

ജില്ലയിൽ വിവിധ വകുപ്പുകളിലെ ആയ (ഒന്നാം എൻ.സി.എ എസ്.സി) തസ്തികയുടെ (കാറ്റഗറി നമ്പർ : 70/18) റാങ്ക് പട്ടിക റദ്ദാക്കിയതായി പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

# വാഹന നിയന്ത്രണം

കരുനാഗപ്പള്ളിവെറ്റമുക്ക്പറമ്പിമുക്ക്മൂക്കനാട് റോഡിലെ പറമ്പിമുക്ക് ജംഗ്ഷനിലെ കലുങ്ക് പണിയുമായി ബന്ധപ്പെട്ട് മാർച്ച് 11 മുതൽ പറമ്പിമുക്ക് ജംഗ്ഷനിൽ കടന്ന് പോകുന്ന വാഹനങ്ങൾ വഴി തിരിഞ്ഞ് പോകണം.

# അപേക്ഷ ക്ഷണിച്ചു

ഭാരത് സേവക് സമാജ് ഹൈസ്കൂൾ ജംഗ്ഷൻ കോട്ടമുക്ക് റോഡിലുള്ള ജില്ലാ സെന്ററിൽ നടത്തുന്ന ഡ്രസ്സ് മേക്കിങ് ആൻഡ് ഫാഷൻ ഡിസൈനിങ്, ടൈലറിങ് ആന്റ് എംബ്രോയ്ഡറി, ഫ്ളവർ ടെക്നോളജി ആന്റ് ഹാൻഡി ക്രാഫ്റ്റ് കോഴ്സുകളിൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രായം 15 നും 48 നും മദ്ധ്യേ. പ്രവേശനം വനിതകൾക്ക് മാത്രം.

പൂരിപ്പിച്ച അപേക്ഷകൾ മാർച്ച് 18 നകം പ്രോഗ്രാം ഓഫീസർ, ഭാരത് സേവക് സമാജ്, ഹൈസ്കൂൾ ജംഗ്ഷൻ കോട്ടമുക്ക് റോഡ്, കൊല്ലം 13 വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾ 9497130290, 9895903283, 04742797478 നമ്പറുകളിൽ ലഭിക്കും.

# ഗതാഗത നിയന്ത്രണം

കുണ്ടറചിറ്റുമലമൺട്രോത്തുരുത്ത് റോഡിൽ അറ്റകുറ്റ പണി നടക്കുന്നതിനാൽ മാർച്ച് 11 മുതൽ 13 വരെ പൊതുഗതാഗതത്തിന് പൂർണ്ണ നിയന്ത്രണം ഏർപ്പെടുത്തിയതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

# ഖാദി മേഖലയുടെ മൗലിക പുനഃസംഘാടനം നടപ്പാക്കും: മന്ത്രി പി. രാജീവ്

ഖാദി മേഖലയിൽ പുത്തൻ ഉണർവു സൃഷ്ടിക്കാൻ മൗലികമായ പുനഃസംഘാടനം നടപ്പാക്കുമെന്നു വ്യവസായ മന്ത്രി പി. രാജീവ്. ഈ മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിനു ചെന്നൈ ഐ.ഐ.ടിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം വഞ്ചിയൂരിൽ പുതുതായി ആരംഭിച്ച ഖാദി ഗ്രാമ സൗഭാഗ്യ ഷോറൂം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഖാദിയുടെ മൗലികത നിലനിർത്തി തൊഴിൽ അനായാസമാക്കുന്നതിനുള്ള സംവിധാനങ്ങൾ സർക്കാർ ആലോചിച്ചിട്ടുണ്ടെന്നു മന്ത്രി പറഞ്ഞു. ഗുണമേൻമയുള്ള ഉത്പന്നങ്ങൾ മൂല്യവർധനവിലൂടെയും വൈവിധ്യവത്കരണത്തിലൂടെയും ഉപഭോക്താക്കളുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ കഴിയുന്ന രീതിയിൽ നിർമിക്കണം. പുതുതായി ആരംഭിച്ച ഗ്രാമ സൗഭാഗ്യ ഷോറൂമിൽ ഡിസൈനർ നിയമിച്ചിരിക്കുന്നത് ഇതിന്റെ ഭാഗമായാണ്. ഉപയോക്താക്കൾക്ക് അഭിരുചിക്കനുസരിച്ചു വസ്ത്രങ്ങൾ ഡിസൈൻ ചെയ്തു സ്റ്റിച്ച് ചെയ്യാൻ ഇവിടെ സൗകര്യമുണ്ട്.

ബുധനാഴ്ചകളിൽ ഖാദി ധരിക്കണമെന്ന സർക്കാർ തീരുമാനം ഈ മേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിച്ചിട്ടുണ്ട്. വിറ്റുവരവിൽ ഏഴു കോടിയോളം രൂപയുടെ വർധനവുണ്ടായി. വരുന്ന സാമ്പത്തിക വർഷം സംരംഭക വർഷമായി ആചരിക്കാനുള്ള സർക്കാർ തീരുമാനത്തിൽ ഖാദി ഗ്രാമ വ്യവസായ മേഖലയ്ക്കു വലിയ പിന്തുണ നൽകാനാകുമെന്നും അദ്ദേഹം പറഞ്ഞു.

ഗതാഗത മന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ച ചടങ്ങിൽ ഖാദി ബോർഡ് വൈസ് ചെയർമാൻ പി. ജയരാജൻ ആദ്യ വിൽപ്പന നിർവഹിച്ചു. കെ.എസ്.ഇ.ബി. ചെയർമാൻ ഡോ. ബി. അശോക് ഏറ്റുവാങ്ങി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ്, കൗൺസിലർ ഗായത്രി ബാബു, ബോർഡ് സെക്രട്ടറി ഡോ. കെ.എ. രതീഷ്, ബോർഡ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡിന്റെ ഭവന പദ്ധതി

കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് സംസ്ഥാനത്തെ അഞ്ചു ജില്ലകളിലായി ഒരു തൊഴിലാളിക്ക് ഒരു വീട് എന്ന നിലയിൽ ഭവന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കും. തിരുവനന്തപുരം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ ഒരു തൊഴിലാളിക്ക് വീതമാണ് വീട് നിർമ്മിച്ചു നൽകുന്നത്.

തൊഴിലാളികളുടെ ക്ഷേമ ആനുകൂല്യങ്ങൾക്കായി 75,87,706 രൂപ ക്ഷേമനിധി ബോർഡ് അനുവദിച്ചു. ചികിത്സാ സഹായം, വിദ്യാഭ്യാസ അവാർഡുകൾ മെഡിക്കൽ എഞ്ചിനിയറിംഗ് പരിശീലന സഹായം, അപകടമരണ ധനസഹായം, പെട്ടിമുടി ദുരന്ത ധനസഹായം, പ്രസവാനുകൂല്യ ധനസഹായം, ഭിന്നശേഷി വിഭാഗത്തിലുള്ളവർക്കുള്ള ധനസഹായം എന്നിങ്ങനെ വിവിധ ആനുകൂല്യങ്ങൾക്കായിട്ടാണ് തുക അനുവദിച്ചിരിക്കുന്നത്. സംസ്ഥാനത്ത് ഇതാദ്യമായാണ് തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളികൾക്കായി വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി ആരംഭിക്കുന്നത്. ഭവന നിർമ്മിക്കുന്നതിനായി അഞ്ച് ലക്ഷം രൂപ ബോർഡ് നല്കും. ആദ്യ ഘട്ടം എന്ന നിലയിലാണ് ബോർഡ് ഭവനപദ്ധതി അഞ്ച് ജില്ലകളിലായി തീരുമാനിച്ചത്. അടുത്ത ഘട്ടത്തിൽ എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കുമെന്ന് കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ ജയൻ ബാബു അറിയിച്ചു.

# ഗസ്റ്റ് ഇൻസ്ട്രക്ടർ ഇന്റർവ്യൂ 17 ന്

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്ട്രക്ടറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐകളിൽ എംപ്ലോയബിലിറ്റി സ്കിൽസ് പഠിപ്പിക്കുന്നതിന് ബി.ബി.എ/എം.ബി.എ/ ഏതെങ്കിലും വിഷയത്തിലുള്ള ഡിഗ്രി (ഇംഗ്ലീഷിൽ മികച്ച ആശയവിനിമയ കഴിവും, പ്ലസ്ടു/ഡിപ്ലോമ തലത്തിലുള്ള അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനയോഗ്യതയും ഉണ്ടായിരിക്കണം) യോഗ്യതയുള്ളവരെ ഗസ്റ്റ് ഇൻസ്ട്രക്ടറായി തെരഞ്ഞെടുക്കുന്നതിനുള്ള കൂടിക്കാഴ്ച 17 ന് രാവിലെ 11 ന് തിരുവനന്തപുരം വെള്ളയമ്പലം അയ്യൻകാളി ഭവനിൽ പ്രവർത്തിക്കുന്ന ദക്ഷിണ മേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസിൽ നടത്തും. ഉദ്യോഗാർഥികൾ ബയോഡാറ്റ, സർട്ടിഫിക്കറ്റിന്റെ ഒറിജിനലും പകർപ്പും സഹിതം 10.30 നകം നേരിട്ടെത്തി പേര് രജിസ്റ്റർ ചെയ്യണം. മണിക്കൂറിന് 240 രൂപ പ്രതിഫലം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471 2316680.

# ജീവനക്കാരനെ പിരിച്ചുവിട്ട നടപടി റദ്ദാക്കി

നെയ്യാറ്റിൻകര കോഓപ്പറേറ്റീവ് അർബൺ ബാങ്കിൽ ദിവസവേതന അടിസ്ഥാനത്തിൽ ഓഫീസ് അറ്റൻഡന്റ് ആയി ജോലി ചെയ്തിരുന്ന ഭിന്നശേഷിക്കാരനെ ജോലിയിൽ നിന്നും പിരിച്ചുവിട്ട നടപടി റദ്ദാക്കി. 30 ദിവസത്തിനുള്ളിൽ ജോലിയിൽ തിരികെ പ്രവേശിപ്പിക്കാൻ സംസ്ഥാന ഭിന്നശേഷി കമ്മീഷണർ എസ്.എച്ച്.പഞ്ചാപകേശൻ ഉത്തരവായി. നെയ്യാറ്റിൻകര കിടാരകുഴി പ്ലാങ്കാലവിള വീട്ടിൽ കുമാറിനെ ആയിരുന്നു നെയ്യാറ്റിൻകര കോഓപ്പറേറ്റീവ് അർബൻ ബാങ്കിൽ നിന്നും പിരിച്ചുവിട്ടത്.

# കട്ടിൽ വിതരണവും പ്രവാസി വായ്പാ വിതരണവും

മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗക്കാർക്കുള്ള കട്ടിൽ വിതരണവും പ്രവാസി ഭദ്രതാ വായ്പാ വിതരണവും നടന്നു. 110 പേർക്ക് കട്ടിലുകൾ നൽകി. ഉദ്ഘാടനം കോവൂർകുഞ്ഞുമോൻ എം.എൽ.എ നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എം സെയ്ദ് അധ്യക്ഷനായി. കോവിഡാനന്തരമുള്ള ധനസഹായ പാക്കേജ് വായ്പയുടെ ആദ്യ ഗഡു 9 പേർക്ക് ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് അൻസാർഷാഫി നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് ലാലി ബാബു, ബ്ളോക്ക് അംഗങ്ങളായ രാജി രാമചന്ദ്രൻ, സ്ഥിരം സമിതി അധ്യക്ഷരായ ഷീബാ സിജു, ഷാജി ചിറക്കുമേൽ, അംഗങ്ങളായ ബിന്ദു മോഹൻ, ബിജുകുമാർ, ജലജ രാജേന്ദ്രൻ പഞ്ചായത്ത് സെക്രട്ടറി സി.ഡെമാസ്റ്റൻ, കുടുംബശ്രീ ചെയർപേഴ്സൺ അമ്പിളി എന്നിവർ പങ്കെടുത്തു.

# ഗോകുൽ രാജ് വധം: 10 പ്രതികൾക്ക് ജീവപര്യന്തം

മധുര: തമിഴ്നാട്ടിലെ ദുരഭിമാനക്കൊലയായ ഗോകുൽ രാജ് വധക്കേസിൽ ഒന്നാം പ്രതി യുവരാജ് ഉൾപ്പെടെ പത്ത് പേരെ ജീവപര്യന്തം കഠിനതടവിന് വിധിച്ചു. യുവരാജ്, രണ്ടാം പ്രതിയായ അരുൺ എന്നിവർക്ക് മൂന്ന് ജീവപര്യന്തമാണ് വിധിച്ചിരിക്കുന്നത്. മധുര പ്രത്യേക കോടതി ജഡ്ജി ടി സമ്പത്ത്കുമാറിന്റേതാണ് ഉത്തരവ്.

അരുൺ കുമാർ, സതീഷ് കുമാർ, രഘു എന്ന ശ്രീധർ, രഞ്ജിത്, സെൽവരാജ് എന്നിവർക്ക് ഇരട്ട ജീവപര്യന്തമാണ് ശിക്ഷ. ചന്ദ്രശേഖരൻ, പ്രഭു, ഗിരിന്ദർ എന്നിവർക്ക് ജീവപര്യന്തവുമാണ് വിധിച്ചത്. പ്രഭുവും ഗിരിന്ദറും ജീവപര്യന്തം കൂടാതെ അഞ്ച് വർഷം കഠിന തടവും അനുഭവിക്കണം. കൂടാതെ 5,000 രൂപ വീതം പിഴയും ഒടുക്കണം.

ഉയർന്ന സമുദായത്തിലുള്ള യുവതിയെ പ്രണയിച്ചുവെന്നാരോപിച്ച് 2015ലാണ് പ്രതികൾ ദളിത് വിഭാഗത്തിൽപ്പെട്ട ഗോകുലിനെ തട്ടിക്കൊണ്ടുപ്പോയി കൊലപ്പെടുത്തിയത്. ഗോകുൽരാജിന്റെ മൃതദേഹം തൊടിപ്പാളയം റയിൽവേ ട്രാക്കിന് സമീപത്തു നിന്നാണ് കണ്ടെത്തിയത്. ധീരൻ ചിന്നമലൈ ഗൗണ്ടർ പേരവൈ എന്ന സംഘടനയുടെ സ്ഥാപകനാണ് യുവരാജ്. ഗൗണ്ടർ സമുദായത്തിൽ നിന്നുള്ള മിശ്രവിവാഹങ്ങൾ തടയുകയെന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം. പെരുമാൾ മുരുകന്റെ 'മധോരുഭഗൻ'എന്ന പുസ്തകത്തിനെതിരെ പ്രതിഷേധം അഴിച്ചുവിട്ടതും ഈ സംഘടനയാണ്. 17 പ്രതികളെയാണ് കേസിൽ ഉൾപ്പെട്ടിരുന്നത്. അഞ്ച് പേരെ വെറുതെ വിട്ടു. ഒരാൾ മരിച്ചു. മറ്റൊരാൾ ഇപ്പോഴും ഒളിവിലാണ്. കേസന്വേഷണ ചുമതല വഹിച്ചിരുന്ന ഡിവൈഎസ്പി വിഷ്ണു പ്രിയ സമ്മർദ്ദത്തെത്തുടർന്ന് ജീവനൊടുക്കിയതും വൻ വിവാദമായിരുന്നു.

# ഭിന്നശേഷി കമ്മീഷൻ ഹിയറിങ്ങുകൾ ഇനി ഓൺലൈനിൽ

പരാതിക്കാരുടേയും സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരുടേയും അഭ്യർത്ഥനയെ തുടർന്ന് സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റിലെ ഹിയറിംഗുകൾ പൂർണ്ണമായും ഓൺലൈൻ ആയി നടത്താൻ തീരുമാനിച്ചതായി സംസ്ഥാന ഭിന്നശേഷി കമ്മീഷണർ എസ്.എച്ച് പഞ്ചാപകേശൻ അറിയിച്ചു. ഫോൺ നമ്പർ: 04712720977, കൂടുതൽ വിവരങ്ങൾക്ക്: www.scpwd.kerala.gov.in.

# ന്യൂതന ടാപ്പിംഗ് പരിശീലനം നൽകി റബ്ബർ ബോർഡ്

നെടുമങ്ങാട്: അന്തർദേശീയ വനിതാ ദിനത്തോടനുബന്ധിച്ച് മൂഴി വേട്ടം പള്ളി റബർ ഉത്പാദക സംഘത്തിന്റെയും, റബ്ബർ ബോർഡിന്റെയും ആഭിമുഖ്യത്തിൽ വനിതകൾക്കും മറ്റുമായി സൗജന്യ നൂതന ടാപ്പിംഗ് രീതികളെക്കുറിച്ചും, റെയിൻ ഗാർഡ് പരിശീലനം, ഗുണമേന്മയുള്ള ഷീറ്റ് നിർമ്മാണം എന്നിവയെക്കുറിച്ചും പരിശീലന പരിപാടി സംഘടിപ്പിച്ചു. മൂഴി ടിഷ്യു കൾച്ചറൽ സൊസൈറ്റിയിൽ നടന്ന പരിശീലന പരിപാടി റബ്ബർ ബോർഡ് അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ സി എൻ ഉമാദേവി ഉദ്ഘാടനം ചെയ്തു. വേട്ടംപള്ളി റബ്ബർ ഉല്പാദക സംഘം പ്രസിഡന്റ് മൂഴിയിൽ മുഹമ്മദ് ഷിബു അധ്യക്ഷത വഹിച്ചു. എം സദാശിവൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. കളിയിൽ ഹരികുമാർ, കെ അനിൽകുമാർ, ആർ മുരളി, അനസ് എ, റംലബീവി, ലില്ലി സരോജം തുടങ്ങിയവർ സംസാരിച്ചു.

# അഞ്ചാലുംമൂട് മാർക്കറ്റ് ഉദ്ഘാടനം ഇന്ന്

കോർപ്പറേഷൻ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമാണം പൂർത്തീകരിച്ച അഞ്ചാലുംമൂട് മാർക്കറ്റ് ഉദ്ഘാടനം ഇന്ന് (മാർച്ച് 10) രാവിലെ 9 മണിക്ക് മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിക്കും. ഡെപ്യൂട്ടി മേയർ കൊല്ലം മധു അധ്യക്ഷനാകും. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അധ്യക്ഷരായ എസ്.ഗീതാകുമാരി, ജി. ഉദയകുമാർ, എസ്.ജയൻ, യു.പവിത്ര, ഹണി, എ. കെ. സവാദ്, എസ്. സവിതാദേവി, കൗൺസിലർമാരായ ജോർജ്ജ് ഡി. കാട്ടിൽ, റ്റി. ജി. ഗിരീഷ്, എസ്. സ്വർണ്ണമ്മ, വിവിധ രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

# അന്യത്രസേവന വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ എറണാകുളം, കോട്ടയം, പാലക്കാട് ജില്ലകളിൽ ഒഴിവുള്ള ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ തസ്തികയിലേക്കും, പാലക്കാട് ഒഴിവുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കും ആലപ്പുഴ ഒഴിവുള്ള ക്ലർക്ക് തസ്തികയിലേക്കും അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് യോഗ്യരായ ജീവനക്കാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വിവിധ സർക്കാർ വകുപ്പുകളിൽ ജൂനിയർ സൂപ്രണ്ട്/ തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അപേക്ഷിക്കാം. (ശമ്പള സ്കെയിൽ: 43,400- 91,200), ഇതര സർക്കാർ സ്ഥാപനങ്ങളിൽ ക്ലർക്ക് (ശമ്പള സ്കെയിൽ: 26,500-60,700), ഓഫീസ് അറ്റൻഡന്റ് (ശമ്പള സ്കെയിൽ: 23,000-50,200), തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് യഥാക്രമം ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അപേക്ഷിക്കാം. മാതൃ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം, കെ എസ് ആർ പാർട്ട്-2 റൂൾ-144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്, ഡിക്ലറേഷൻ എന്നിവ സഹിതമുള്ള അപേക്ഷ വകുപ്പ് മേധാവികൾ മുഖേന സമർപ്പിക്കണം.




തിരുവനന്തപുരം നഗരവികസന പദ്ധതിയുടെ ഭാഗമായി നവീകരിച്ച പി. എം. ജി, ലാ കോളെജ്, തെക്കുംമൂട്, പൊട്ടക്കുഴി, പാറ്റൂർ റോഡിന്റെ ഉദ്ഘാടനം മന്ത്രി മുഹമ്മദ് റിയാസ് നിർവഹിക്കുന്നു

# മിച്ചഭൂമിയിലൂടെ ധനസമ്പാദനം നടത്തുന്നതിനായി നാഷണൽ ലാൻഡ് മോണിറ്റൈസേഷൻ കോർപ്പറേഷൻ

ന്യൂ ഡൽഹി: പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ 5000 കോടി രൂപയുടെ പ്രാരംഭ അംഗീകൃത ഓഹരി മൂലധനവും 150 രൂപ അടച്ച ഓഹരി മൂലധനവുമുള്ള ഒരു കമ്പനിയായി നാഷണൽ ലാൻഡ് മോണിറ്റൈസേഷൻ കോർപ്പറേഷൻ (എൻ.എൽ.എം. സി. ) രൂപീകരിക്കുന്നതിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും (സി.പി.എസ്.ഇ) മറ്റ് ഗവൺമെന്റ് ഏജൻസികളുടെയും മിച്ചഭൂമിയുടെയും കെട്ടിട ആസ്തികളുടെയും പണമാക്കൽ എൻ.എൽ.എം.സി ഏറ്റെടുക്കും. 202122 ലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിർദ്ദേശം.

നോൺകോർ (കാതലല്ലാത്ത) ആസ്തികൾ പണമാക്കുന്നതിലൂടെയും, ഉപയോഗിക്കാത്തതും അധികം ഉപയോഗമില്ലാത്തതുമായ ആസ്തികൾ പണമാക്കുന്നതിലൂടെയും ഗവൺമെന്റിന് ഗണ്യമായ വരുമാനം ഉണ്ടാക്കാൻ കഴിയും.

നിലവിൽ, ഭുമിയുടെയും കെട്ടിടങ്ങളുടെയും സ്വഭാവത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉപയോഗിക്കാത്തതും ഉപയോഗിച്ചിട്ടില്ലാത്തതും നോൺ കോർ ആസ്തികളുമായി ഗണ്യമായ മിച്ചഭൂമിയുണ്ട്. തന്ത്രപരമായ ഓഹരി വിറ്റഴിക്കലിനോ അടച്ചുപൂട്ടലിനോ വിധേയമാകുന്ന സി.പി.എസ്.ഇകൾക്ക്, ഈ മിച്ചഭൂമിയുടെയും പ്രധാനമല്ലാത്ത ആസ്തികളുടെയും ധനസമ്പാദനം അവയുടെ മൂല്യം വെളിപ്പെടുത്തുന്നതിന് പ്രധാനമാണ്. ഈ ആസ്തികളുടെ ധനസമ്പാദനം എൻ.എൽ.എം. സി. പിന്തുണയ്ക്കുകയും ഏറ്റെടുക്കുകയും ചെയ്യും. സ്വകാര്യ മേഖല നിക്ഷേപങ്ങൾ, പുതിയ സാമ്പത്തിക പ്രവർത്തനങ്ങൾ എന്നിവയെ പ്രേരിപ്പിക്കുന്നതിനും പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും, സാമ്പത്തികവും സാമൂഹികവുമായ പശ്ചാത്തല സൗകര്യങ്ങൾക്കായി സാമ്പത്തിക സ്രോതസ്സുകൾ സൃഷ്ടിക്കുന്നതിനും ഉപയോഗശൂന്യമായ ഈ ആസ്തികളുടെ ഉൽപ്പാദനപരമായ വിനിയോഗം സാദ്ധ്യമാക്കും.

അടച്ചുപൂട്ടലിന് വിധേയമായിട്ടുള്ള സി.പി.എസ്.ഇകളുടെ മിച്ചഭൂമിയും കെട്ടിട ആസ്തികളും, തന്ത്രപരമായ വിറ്റഴിക്കലിന് കീഴിലുള്ള ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സി.പി.എസ്.ഇകളുടെ മിച്ചമുള്ള നോൺകോർ ലാൻഡ് (അത്ര പ്രാധാന്യമുള്ളതല്ലാത്ത) ആസ്തികളും എൻ.എൽ.എം.സി സ്വന്തമാക്കുകയും കൈവശം വയ്ക്കുകയും കൈകാര്യം ചെയ്യുകയും പണമാക്കിമാറ്റുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് സി.പി.എസ്.ഇകളുടെ അടച്ചുപൂട്ടൽ പ്രക്രിയയെ വേഗത്തിലാക്കുകയും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സി.പി.എസ്.ഇകളുടെ തന്ത്രപരമായ ഓഹരി വിറ്റഴിക്കൽ പ്രക്രിയ സുഗമമാക്കുകയും ചെയ്യും. ഈ ആസ്തികളെ പണമാക്കി മാറ്റുന്നതിനായി കൈവശം വയ്ക്കാനും നിയന്ത്രിക്കാനുമായി ഈ ആസ്തികൾ എൻ.എൽ.എം.സിക്ക് കൈമാറാം. മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളെ (സി.പി.എസ്.ഇ ഉൾപ്പെടെ) അവരുടെ മിച്ചമുള്ള നോൺകോർ ആസ്തികൾ തിരിച്ചറിയുന്നതിനും പരമാവധി മൂല്യം സാക്ഷാത്കരിക്കുന്നതിനായി പ്രൊഫഷണലും കാര്യക്ഷമവുമായ രീതിയിൽ അവ പണമാക്കി മാറ്റുന്നതിനും എൻ.എൽ.എം. സി. ഉപദേശിക്കുകയും പിന്തുണയ്ക്കുകയും ചെയ്യും. ഇത്തരം സന്ദർഭങ്ങളിൽ (ഉദാ., നടന്നുകൊണ്ടിരിക്കുന്ന സി.പി.എസ്.ഇ.കളും തന്ത്രപരമായ ഓഹരി വിറ്റഴിക്കലിന് കീഴിൽ പട്ടികപ്പെടുത്തിയിട്ടുള്ള സി.പി.എസ്.ഇ.കളും), എൻ.എൽ.എം.സി മിച്ചഭൂമി ആസ്തി ധനസമ്പാദനം ഒരു ഏജൻസി പ്രവർത്തനമായി ഏറ്റെടുക്കും. ഭൂമി ധനസമ്പാദനത്തിലെ മികച്ച പ്രവർത്തനങ്ങളുടെ ഒരു സങ്കേതമായി എൻ.എൽ.എം. സി. പ്രവർത്തിക്കുമെന്ന് പ്രതീക്ഷിക്കുന്നു, ആസ്തി പണമാക്കൽ പരിപാടി നടപ്പിലാക്കുന്നതിന് ഗവൺമെന്റിനെ ഇത് സഹായിക്കുകയും സാങ്കേതിക ഉപദേശം നൽകുകയും ചെയ്യും.

സി.പി.എസ്.ഇകൾക്കും മറ്റ് ഗവൺമെന്റ് ഏജൻസികൾക്കും വേണ്ടി ഭൂമി ആസ്തികൾ പ്രൊഫഷണലായി കൈകാര്യം ചെയ്യുന്നതിനും ധനസമ്പാദനം നടത്തുന്നതിനും ആവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യവും എൻ.എൽ.എം.സിക്ക് ഉണ്ടായിരിക്കും. കമ്പനിക്ക് പ്രൊഫഷണലായുള്ള പ്രവർത്തനങ്ങളും പരിപാലനങ്ങളും പ്രാപ്തമാക്കുന്നതിനായി എൻ.എൽ.എം.സിയുടെ ഡയറക്ടർ ബോർഡിൽ മുതിർന്ന കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥരും പ്രമുഖ വിദഗ്ധരും ഉൾപ്പെടും. എൻ.എൽ.എം.സിയുടെ ചെയർമാനെയും ഗവൺമെന്റിതര ഡയറക്ടർമാരെയും യോഗ്യത അടിസ്ഥാനമാക്കിയുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ നിയമിക്കും.

റിയൽ എസ്റ്റേറ്റ് വിപണി ഗവേഷണം, നിയമപരമായ സൂക്ഷ്മത, മൂല്യനിർണ്ണയം, മാസ്റ്റർ പ്ലാനിംഗ്, നിക്ഷേപ ബാങ്കിംഗ്, ഭൂമിപരിപാലനം (ലാൻഡ് മാനേജ്മെന്റ്) മുതലായവയിൽ ആസ്തി ധനസമ്പാദനത്തിന് ആവശ്യമായ പ്രത്യേക വൈദഗ്ധ്യവും പ്രാഗൽഭ്യവും കണക്കിലെടുത്ത് നാഷണൽ ഇൻവെസ്റ്റ്മെന്റ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (എൻ.ഐ.ഐ.എഫ്), ഇൻവെസ്റ്റ് ഇന്ത്യ തുടങ്ങിയ പ്രത്യേക ഗവൺമെന്റ് കമ്പനികളിലേതുപോലെ സ്വകാര്യ മേഖലയിൽ നിന്നുള്ള പ്രൊഫഷണലുകളെ നിയമിക്കാൻ തീരുമാനിച്ചു. കരാർ അടിസ്ഥാനത്തിൽ വിപണമിയിൽ നിന്ന് നേരിട്ട് നിയമിക്കപ്പെടുന്ന, കുറഞ്ഞ മുഴുവൻ സമയ ജീവനക്കാരുള്ള ഒരു എളിയ സ്ഥാപനമായിരിക്കും എൻ.എൽ.എം.സി. സ്വകാര്യ മേഖലയിൽ നിന്നുള്ള പരിചയസമ്പന്നരായ പ്രൊഫഷണലുകളെ നിയമിക്കുന്നതിനും അവർക്ക് വേതനം നൽകുന്നതിനും നിലനിർത്തുന്നതിനും എൻ.എൽ.എം.സി ബോർഡിന് ഇളവുകളും നൽകും.

മുന്നോട്ട് പോയികൊണ്ട്, ധനമന്ത്രാലയത്തിലെ ഡിപ്പാർട്ട്മെന്റ് ഓഫ് പബ്ലിക് എന്റർപ്രൈസ്, കമ്പനി രൂപീകരിക്കുകയും അതിന്റെ ഭരണ മന്ത്രാലയമായി പ്രവർത്തിക്കുകയും ചെയ്യും.

# സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കാൻ എന്തെളുപ്പം, ആവശ്യമെങ്കിൽ പോലീസ് സഹായവും നിയമസഹായവും

സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിന് വനിത ശിശുവികസന വകുപ്പ് തയാറാക്കിയ പോർട്ടൽ പൂർണ പ്രവർത്തനസജ്ജമായതായി ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ്. കേരളത്തിലെ സ്ത്രീധനവുമായി ബന്ധപ്പെട്ട അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള ഒരു നൂതന സംരംഭമാണ് ഈ പോർട്ടൽ. അന്താരാഷ്ട്ര വനിത ദിനത്തോടനുബന്ധിച്ച് മുഖ്യമന്ത്രിയാണ് പോർട്ടൽ നാടിന് സമർപ്പിച്ചത്. ഓൺലൈനായി തന്നെ പരാതി നൽകാനും ഓൺലൈനായി തന്നെ നടപടിയെടുക്കാനും സാധിക്കുന്നു. ഇതിൽ നൽകുന്ന വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും. അപേക്ഷ ലഭിച്ച് മൂന്ന് പ്രവർത്തി ദിവസത്തിനകം ഡൗറി പ്രൊഹിബിഷൻ ഓഫീസർ പ്രതിനിധി പരാതിക്കാരുമായി ബന്ധപ്പെടുന്നതാണ്. സംസ്ഥാനത്ത് നിന്നും സ്ത്രീധനം തുടച്ചുമാറ്റുന്നതിന് ഈ സൗകര്യം പ്രയോജനപ്പെടുത്തണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

വധുവിന്റെ കുടുംബം, വരനോ വരന്റെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ സ്ത്രീധനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പരാതി നൽകാം. സ്ത്രീധന ദുരിതബാധിതരായ സ്ത്രീകൾ, മാതാപിതാക്കൾ, ബന്ധുക്കൾ, അംഗീകൃത സ്ഥാപനങ്ങൾ എന്നിവർക്ക് പരാതി നൽകാൻ കഴിയും.

ഓൺലൈനായി എങ്ങനെ പരാതിപ്പെടണം? ആദ്യമായി http://wcd.kerala.gov.in/dowry എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

വിശദ വിവരങ്ങൾ വായിച്ച ശേഷം പരാതി സമർപ്പിക്കുക എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ വരുന്ന പേജിൽ മൊബൈൽ നമ്പർ നൽകി ലഭിക്കുന്ന ഒടിപി സബ്മിറ്റ് ചെയ്യുക

അടിസ്ഥാനപരമായവ വിശദാംശങ്ങൾ ടൈപ്പ് ചെയ്യണം.

വിവരം നൽകുന്നയാൾ സ്വയം, രക്ഷകർത്താക്കൾ, ബന്ധുക്കൾ, സംഘടന എന്നീ ഏത് വിധേനയാണെന്ന് ക്ലിക്ക് ചെയ്യണം

വിവരം നൽകുന്നയാളിന്റെ പേര്, ഇ മെയിൽ ഐഡി എന്നിവ നൽകണം

ദുരിതം അനുഭവിക്കുന്ന സ്ത്രീയുടെ വിശദാംശങ്ങൾ, സംഭവം നടന്ന സ്ഥലം മേൽവിലാസം, പരാതിയുടെ സ്വഭാവം, സ്ത്രീധനമായി ആവശ്യപ്പെട്ടത് എന്താണ്, ബന്ധപ്പെടേണ്ട നമ്പർ, ഇ മെയിൽ വിലാസം എന്നിവ നൽകണം.

ഈ പരാതി മുമ്പ് വേറെവിടെയെങ്കിലും നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കണം

രേഖകൾ അപ് ലോഡ് ചെയ്ത ശേഷം സെക്യൂരിറ്റി കോഡ് നൽകിയ ശേഷം സബ്മിറ്റ് ക്ലിക്ക് ചെയ്യാം.

രജിസ്റ്റർ പൂർത്തിയായി കഴിഞ്ഞാൽ എസ്.എം.എസ്. അറിയിപ്പ് നൽകും. ഓരോ ഘട്ടത്തിലും എസ്.എം.എസ്. അപ്ഡേറ്റുകൾ ലഭിക്കുന്നതാണ്.

ലഭിക്കുന്ന രജിസ്ട്രേഷനുകൾ ജില്ലാ സ്ത്രീധന നിരോധന ഉദ്യോഗസ്ഥർക്ക് (ജില്ലാ ശിശുവികസന പദ്ധതി ഓഫീസർ) കൈമാറും. ഓരോരുത്തരും തിരഞ്ഞെടുത്ത അധികാരപരിധി അനുസരിച്ച്, അന്വേഷണം നടത്തി നോട്ടീസ് പുറപ്പെടുവിക്കും. ആവശ്യമെങ്കിൽ പോലീസ് സഹായവും നിയമസഹായവും നൽകും. പോലീസിന്റെയും, നിയമവിദഗ്ധരുടെയും, ഉപദേശം, സൈക്കോളജിക്കൽ കൺസൽട്ടേഷൻ എന്നീ സഹായങ്ങൾ പരാതിക്കാരിക്ക് ആവശ്യമാണെങ്കിൽ വകുപ്പ് വഴി നടപ്പിലാക്കുന്ന കാതോർത്ത് പദ്ധതി മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. സംശയങ്ങൾക്ക് 0471 2346838 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

## ജലജീവൻ മിഷൻ അവലോകന യോഗം ചേർന്നു

ജലജീവൻ മിഷൻ ജില്ലാതല പ്രവർത്തികളുടെ അവലോകനയോഗം ജില്ലാ കലക്ടർ അഫ്സാന പർവീണിന്റെ അധ്യക്ഷതയിൽ ചേർന്നു. വിവിധ കുടിവെള്ള പദ്ധതികളുടെ പുരോഗതി വിലയിരുത്തി .

ചിതറ പഞ്ചായത്തിലെ പദ്ധതിക്ക് 26.43 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 850 ഗാർഹിക കണക്ഷനുകൾ നൽകി. കരീപ്ര കുടിവെള്ള പദ്ധതിക്കായി 1.3 കോടി രൂപ അനുവദിച്ചിരുന്നു. നിലവിൽ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. തൃക്കരുവ, പനയം, പെരിനാട്, മൺട്രോത്തുരുത്ത് പഞ്ചായത്തുകളിലേയും കൊറ്റങ്കരയിലേയും പദ്ധതികളും ചർച്ച ചെയ്തു. റോഡ് കട്ടിംഗ്, ഭൂമി ഏറ്റെടുക്കൽ തുടങ്ങി അനുമതി ആവശ്യമായ പ്രവർത്തികളും ഉദ്യോഗസ്ഥർ വിശദീകരിച്ചു. ജില്ലാ വികസന കമ്മീഷണർ ആസിഫ് കെ. യൂസഫ്, പഞ്ചായത്ത് തല പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ഒസാക്ക സർവകലാശാലയും കേരളത്തിലെ വിവിധ സർവകലാശാലകളും സഹകരിക്കും

ജപ്പാനിലെ ഒസാക്ക സർവകലാശാലയും കേരളത്തിലെ വിവിധ സർവകലാശാലകളും തമ്മിൽ സഹകരണത്തിനുള്ള തുടർ നടപടികൾക്ക് മുഖ്യമന്ത്രി പിണറായി വിജയനും ജപ്പാൻ കോൺസൽ ജനറൽ താഗാ മസായുക്കിയുമായുള്ള ചർച്ചയിൽ ധാരണയായി. 2019 നവംബറിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ജപ്പാൻ സന്ദർശിച്ചപ്പോൾ ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക ചർച്ച നടത്തിയ കാര്യം മുഖ്യമന്ത്രി യോഗത്തിൽ സൂചിപ്പിച്ചു.

ഉന്നത വിദ്യാഭ്യാസം, ടൂറിസം, ആയുർവേദ മേഖലകളിൽ ശക്തമായ സഹകരണം മുന്നോട്ട് കൊണ്ടുപോകേണ്ടതിന്റെ ആവശ്യകതയും മുഖ്യമന്ത്രി യോഗത്തിൽ ചൂണ്ടിക്കാട്ടി. മാലിന്യ സംസ്കരണം, മത്സ്യ സംസ്കരണം, കാർഷിക വ്യവസായങ്ങൾ എന്നീ മേഖലകളിൽ ജപ്പാന്റെ സഹകരണം സ്വാഗതം ചെയ്യുന്നു. ഒട്ടേറെ മലയാളി നഴ്സുമാർ ജപ്പാനിൽ ആരോഗ്യമേഖലയിൽ ജോലി ചെയ്യുന്നുണ്ട്. അവർക്ക് ജാപ്പനീസ് ഭാഷയിലുള്ള പരിശീലനം ഗുണം ചെയ്യും. ഭാവിയിലും ജപ്പാനുമായി നല്ല ബന്ധമാണ് ലക്ഷ്യമിടുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. ചർച്ചയിൽ ഉയർന്ന എല്ലാ വിഷയങ്ങളിലും അനുഭാവപൂർണ്ണമായി ജാപ്പനീസ് കോൺസൽ ജനറൽ പ്രതികരിച്ചു.

ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ്, സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി വേണു രാജാമണി, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ.എം. എബ്രഹാം തുടങ്ങിയവർ സംബന്ധിച്ചു.

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകൾ പുതു തലമുറയ്ക്ക് പരിചിതമാകേണ്ടത് അനിവാര്യം മന്ത്രി ആർ. ബിന്ദു

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാധ്യതകൾ പുതു തലമുറയ്ക്ക് പരിചിതമാകേണ്ടത് അനിവാര്യമാണെന്ന് മന്ത്രി ആർ. ബിന്ദു പറഞ്ഞു. അസാപ് കേരളയുടെ സമ്പൂർണ്ണ നൈപുണ്യ പരിശീലന പരിപാടിയായ കെ സ്കിൽ ക്യാംപയിൻ ഉദ്ഘാടനവും ആന്വൽ ട്രെയിനിങ് കലണ്ടർ പ്രകാശനവും നിർവഹിക്കുകയായിരുന്നു മന്ത്രി. വിവര വിസ്ഫോടനത്തിന്റെ കാലഘട്ടത്തിൽ തൊഴിൽ മേഖലയ്ക്ക് അനുയോജ്യമായ വിധത്തിൽ യുവാക്കളെ മാറ്റിയെടുക്കാൻ അസാപ് കേരള വലിയ പങ്കാണ് വഹിക്കുന്നതെന്നു മന്ത്രി കൂട്ടിച്ചേർത്തു.

മെഷീൻ ലേർണിംഗ്, പൈത്തൺ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി, ബിസിനസ് അനലിറ്റിക്സ് തുടങ്ങിയ നവീന കോഴ്സുകൾ പഠിക്കാൻ വിദ്യാർത്ഥി സമൂഹം മുന്നോട്ട് വരുന്നില്ല എന്നത് വസ്തുതയാണെന്നു മന്ത്രി ചൂണ്ടിക്കാട്ടി. എന്നാൽ കാലഘട്ടം ആവശ്യപ്പെടുന്ന കോഴ്സുകളും പരിശീലനവും നൽകുന്നതിൽ അസാപ് വലിയ പങ്ക് വഹിക്കുന്നുണ്ട്. കോളേജ് അധ്യാപകർക്കുള്ള ഫാക്കൽറ്റി പരിശീലന പരിപാടിയുടെ ഉദ്ഘാടനവും കെ സ്കിൽ ലോഗോ പ്രകാശനവും മന്ത്രി നിർവഹിച്ചു.

നൈപുണ്യ വികസനം ലക്ഷ്യമിട്ട് അസാപ് നടപ്പാക്കുന്ന കെ സ്കിൽ ക്യാംപയിൻ പുതു തലമുറയെ തൊഴിൽ സജ്ജമാക്കാൻ ലക്ഷ്യമിടുന്നതാണ്. പതിനഞ്ചിലധികം തൊഴിൽ മേഖലകളും നൂറിലധികം സ്കിൽ കോഴ്സുകളുമാണ് കെ സ്കില്ലിന്റെ ഭാഗമായി നൽകുന്നത്. വിദ്യാർഥികൾക്കും വർക്കിങ് പ്രൊഫഷനലുകൾക്കും ഉപയോഗപ്രദമായ രീതിയിൽ ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകൾ ലഭ്യമാക്കും. ഐ. ടി, മീഡിയ, ഹെൽത്ത് കെയർ, ബാങ്കിങ് തുടങ്ങി വിവിധ മേഖലകളിൽ ഹ്രസ്വകാല കോഴ്സുകൾ നൽകും. ഈ കോഴ്സുകളെക്കുറിച്ചുള്ള സമഗ്ര വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് ആന്വൽ ട്രെയിനിങ് കലണ്ടർ.

മാസ്കറ്റ് ഹോട്ടലിൽ നടന്ന പരിപാടിയിൽ അസാപ് കേരള സി. എം. ഡി ഡോ. ഉഷ ടൈറ്റസ് അധ്യക്ഷയായി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് മുഖ്യ പ്രഭാഷണം നടത്തി. കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ വിഗ്നേശ്വരി, ഡോ. അനേജ് സോമരാജ്, ലൈജു ഐ.പി എന്നിവർ പ്രസംഗിച്ചു.

## സുരക്ഷ പ്രോജക്ടിൽ ഒഴിവ്

തിരുവനന്തപുരം: കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കീഴിലുള്ള സുരക്ഷ പ്രോജക്ടിൽ പ്രോജക്ട് മാനേജർ, ഔട്ട് റീച്ച് വർക്കർ തസ്തികകളിലേക്ക് കരാറടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിച്ചു. പ്രോജക്ട് മാനേജർ തസ്തികയിൽ എംഎസ്ഡബ്ല്യൂ അല്ലെങ്കിൽ എംഎ സോഷ്യോളജി അല്ലെങ്കിൽ എംബിഎ, മൂന്ന് വർഷത്തെ പ്രവർത്തി പരിചയം എന്നിവയാണ് യോഗ്യത. പ്ലസ് ടുവാണ് ഔട്ട് റീച്ച് വർക്കറുടെ യോഗ്യത. ഇരു തസ്തികകൾക്കും ഹിന്ദി ഭാഷാപ്രാവിണ്യം അഭികാമ്യം. താത്പര്യമുള്ളവർ മാർച്ച് 15ന് മുൻപായി ഡ്വശ്ശശന്ത്യീഷലഃ@ഴ്ശമശഹ.രീാ മെയിലിൽ ബയോഡേറ്റ അയയ്ക്കണമെന്ന് പ്രോജക്ട് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 8129949923.



വിശ്വപ്രസിദ്ധ റഷ്യൻ എഴുത്തുകാരൻ ഫയദോർ ദസ്തയേവ്സ്കിയുടെ 200-ാം ജന്മവാർഷികത്തിന്റെ ഭാഗമായി സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി സംഘടിപ്പിച്ച ചടങ്ങ് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

NAUTICAL TIMES KERALA | Thiruvananthapuram | RNI.Reg,No. KERBIL/2018/77391 | 2022 MARCH 11 FRIDAY






അസാപ് കേരളയുടെ നൈപുണ്യ വികസന പരിപാടിയായ കെ-സ്കിൽ ക്യാമ്പയിൻ മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു പി.ആർ.പി. 86 (10.03.2022)



ആനാവൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റേഡിയം നവീകരണ പ്രവർത്തനങ്ങൾ ഉദ്ഘാടനം മന്ത്രി വി.അബ്ദുറഹ്മാൻ ചെയ്തു.

# എല്ലാ സ്കൂളുകളിലും കൈറ്റിന്റെ ഇലാംഗ്വേജ് ലാബുകൾ: ഉദ്ഘാടനം ഇന്ന്

ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളുടെ തുടർച്ചയായി പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച 'ഇക്യൂബ് ഇംഗ്ലീഷ്' പദ്ധതിയുടെ ഭാഗമായി എല്ലാ സ്കൂളുകളിലും സ്വതന്ത്ര സോഫ്റ്റ്‌വെയർ അധിഷ്ഠിത ഇലാംഗ്വേജ് ലാബുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഇന്ന് (മാർച്ച് 11) തുടക്കമാകും. സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായി ഇക്യൂബ് ഇംഗ്ലീഷ് ഇലാംഗ്വേജ് ലാബ് പദ്ധതി എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഉദ്ഘാടനം പൂജപ്പുര ജി.യു.പി എസിൽ വൈകിട്ട് 3.30ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിക്കും.

നിലവിലുള്ള പാഠ്യപദ്ധതിയെയും പഠന പ്രക്രിയകളെയും അടിസ്ഥാനപ്പെടുത്തി ആസ്വാദ്യകരമായ അന്തരീക്ഷത്തിൽ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നേടാൻ സഹായിക്കുന്ന തരത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ആണ് സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഇലാംഗ്വേജ് ലാബ് ഡിജിറ്റൽ ഇന്ററാക്ടീവ് മൾട്ടി മീഡിയ സോഫ്റ്റ്‌വെയർ സജ്ജമാക്കിയത്. ഒന്നു മുതൽ ഏഴു വരെ ക്ലാസുകളിലെ കുട്ടികൾക്ക് നാലു വ്യത്യസ്ത തലങ്ങളിലുള്ള ഉള്ളടക്കവുമായാണ് ഇലാംഗ്വേജ് ലാബിന്റെ ആദ്യ ഘട്ടം. വിദ്യാർത്ഥികൾക്ക് ശബ്ദം, വീഡിയോ എന്നിവ റെക്കോർഡ് ചെയ്യാനും എഡിറ്റിംഗിനും ഒരു കമ്പ്യൂട്ടർ ഗെയിം പോലെ മിക്ക പ്രവർത്തനങ്ങളും കളികളിലൂടെ പൂർത്തിയാക്കാനും സോഫ്റ്റ്‌വെയറിൽ സൗകര്യമുണ്ട്. സ്റ്റുഡന്റ് മൊഡ്യൂളിനു പുറമെ ഓരോ വിദ്യാർഥിയുടേയും പഠന പുരോഗതി വിലയിരുത്താനും പിന്തുണ നൽകാനും അദ്ധ്യാപകരെ സഹായിക്കുന്ന ടീച്ചിംഗ് മൊഡ്യൂളും പ്രഥമാധ്യാപകർക്ക് മോണിറ്ററിംഗിനുള്ള പ്രത്യേക മൊഡ്യൂളും ഇലാംഗ്വേജ് ലാബിലുണ്ട്.

ഇക്യൂബ് പദ്ധതിയുടെ ഭാഗമായി നേരത്തെ സമഗ്ര പോർട്ടലിൽ ഇലൈബ്രറിയും കൈറ്റ് വിക്ടേഴ്സിൽ ഇബ്രോഡ്കാസ്റ്റും ഒരുക്കിയതിന്റെ തുടർച്ചയാണ് ഇലാംഗ്വേജ് ലാബ്. ഇന്റർനെറ്റ് സൗകര്യമോ, സെർവർ സ്പേസോ, പ്രത്യേക നെറ്റ്‌വർക്കിംഗോ ആവശ്യമില്ലാതെ സ്കൂളുകളിൽ ലഭ്യമായിട്ടുള്ള ലാപ്ടോപ്പിലെ വൈഫൈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഇലാംഗ്വേജ് സംവിധാനം സ്കൂളുകളിലെ 1.2 ലക്ഷം ലാപ്ടോപ്പുകളിലും ഒരുക്കാനാകുമെന്ന് കൈറ്റ് സി.ഇ.ഒ കെ.അൻവർ സാദത്ത് പറഞ്ഞു.

ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവിനെ അടിസ്ഥാനമാക്കിയാണ് യൂണിറ്റുകൾ ക്രമീകരിച്ചിരിക്കുന്നത്. കഥകൾ കേൾക്കുന്നതിനും വായിക്കുന്നതിനും അവയുടെ ചിത്രീകരണം, അനിമേഷനുകൾ എന്നിവ കാണുന്നതിനും സോഫ്റ്റ്‌വെയറിൽ സംവിധാനമൊരുക്കിയിട്ടുണ്ട്. ഇംഗ്ലീഷിൽ കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ കേൾക്കാനും സംസാരിക്കാനും വായിക്കാനും പിന്നീട് എഴുതുവാനും ഉള്ള കഴിവുകൾ വികസിപ്പിക്കുവാനായി പല തലങ്ങളിലായി വികസിപ്പിച്ച നൂതന സങ്കേതമാണ് ഇലാംഗ്വേജ് ലാബ് എന്നത്. അതാവട്ടെ പൊതുസമൂഹത്തിന് സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രാധാന്യം. വിദ്യാർത്ഥകൾക്ക് വർക്ക് ഷീറ്റുകൾ തയ്യാറാക്കി സമർപ്പിക്കാനും ഇലാംഗ്വേജ് ലാബിൽ സൗകര്യമുണ്ട്.

## ലൈബ്രറി ആൻഡ് സബ് സെന്റർ കെട്ടിടം ഉദ്ഘാടനം ഇന്ന്

കൊല്ലം കോർപ്പറേഷൻ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച വെളിയിൽകുളങ്ങര ലൈബ്രറി ആൻഡ് സബ് സെന്റർ കെട്ടിടത്തിന്റെ ഉദ്ഘാടനം ഇന്ന് (മാർച്ച് 11) രാവിലെ 10 മണിക്ക് മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിക്കും. ഡെപ്യൂട്ടി മേയർ കൊല്ലം മധു അധ്യക്ഷനാകും. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അധ്യക്ഷരായ എസ്. ഗീതാകുമാരി, ജി. ഉദയകുമാർ, എസ്. ജയൻ, യു. പവിത്ര, ഹണി, എ. കെ. സവാദ്, എസ്. സവിതാദേവി, കൗൺസിലർമാരായ ജോർജ്ജ് ഡി. കാട്ടിൽ, റ്റി. ജി. ഗിരീഷ്, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

# അധ്യാപകരായി ജോലിയിൽ പ്രവേശിച്ച് ദീർഘകാല അവധിയിലോ ഡെപ്യൂട്ടേഷനിലോ പോയവരുടെ കണക്കെടുക്കും: മന്ത്രി വി ശിവൻകുട്ടി

അധ്യാപകരായി ജോലിയിൽ പ്രവേശിച്ച് ദീർഘകാല അവധിയിലോ ഡെപ്യൂട്ടേഷനിലോ പോയവരുടെ കണക്കെടുക്കുമെന്ന് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. അധ്യാപകർ ചുമതലപ്പെട്ട ജോലിയിൽ നിന്നും മാറി മറ്റു ജോലികൾ ചെയ്യുന്ന രീതി ആശാസ്യമല്ലെന്നും മന്ത്രി വ്യക്തമാക്കി.

പി എസ് സി അഡ്വൈസ് മെമ്മോ നൽകിയിട്ടും പലയിടത്തും വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർമാർ നിയമനം നൽകുന്നില്ലെന്ന് ചില പരാതികൾ ഉയർന്നിട്ടുണ്ട്. എയിഡഡ് സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാര ഫയലുകളും തീർപ്പാക്കാൻ താമസിക്കുന്നു എന്ന് പരാതിയുണ്ട്. ഇങ്ങനെ പരാതി ഉയരാത്ത സാഹചര്യം ഉദ്യോഗസ്ഥർ ഉണ്ടാക്കണം. ഒരു സാഹചര്യത്തിലും ഫയൽ കെട്ടികിടക്കുന്ന സാഹചര്യം ഉണ്ടാവരുത്. ഹയർ സെക്കണ്ടറി വിഭാഗത്തിലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫിസുകളുടെ പ്രവർത്തനം സംബന്ധിച്ചുള്ള പരാതികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സത്വര നടപടികൾ ഇക്കാര്യത്തിൽ ഉണ്ടാകും.

അദാലത്തിലൂടെ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ നടപടിയുണ്ടാകും. വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൽ 48.5 ശതമാനത്തിന്മേൽ കർശനമായ ഇടപെടലിലൂടെ തീർപ്പുണ്ടാക്കി. ഈ മാതൃക മറ്റ് വിദ്യാഭ്യാസ ഓഫീസുകളിലും പിന്തുടരുമെന്നും മന്ത്രി വി ശിവൻകുട്ടി വ്യക്തമാക്കി.

## മാർച്ച് 12ന് മദ്യനിരോധനം

കടയ്ക്കൽ ദേവീക്ഷേത്രത്തിലെ ഉത്സവ ദിവസമായ മാർച്ച് 12ന് കടയ്ക്കൽ, ചടയമംഗലം പോലീസ് സ്റ്റേഷനുകളുടെ അധികാര പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ പ്രദേശങ്ങളും സമ്പൂർണ മദ്യനിരോധിത മേഖലയായി ജില്ലാ കലക്ടർ പ്രഖ്യാപിച്ചു.

## കോ ഓർഡിനേറ്ററെ നിയമിക്കുന്നു

പേരൂർക്കട മാനസിക ആരോഗ്യ കേന്ദ്രത്തിൽ ചികിത്സക്കെത്തുന്നവർക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള സേവനങ്ങൾ ക്രമീകരിക്കുന്നതിന് പ്രതിമാസം 20,000 രൂപ ശമ്പളത്തിൽ ഒരു കോഡിനേറ്ററെ (പി.ആർ.ഒ) നിയമിക്കുന്നു. കാസ്പ് കോഡിനേറ്റർ തസ്തികയിൽ മുൻ പരിചയമുള്ള വ്യക്തികൾക്ക് അപേക്ഷിക്കാം. ഉദ്യോഗാർഥികൾ 19ന് വൈകിട്ട് അഞ്ചിനകം ആശുപത്രി സൂപ്രണ്ടിന് അപേക്ഷ സമർപ്പിക്കണം.

# ഔഷധി എഴുത്തുപരീക്ഷ 12ന്

ഔഷധിയിലെ ജനറൽ വർക്കർ ഗ്രേഡ് കകക തസ്തികയിലേക്കുള്ള എഴുത്തുപരീക്ഷ മാർച്ച് 12ന് നടക്കും. തൃശ്ശൂരിലെ സെന്റ് തോമസ് കോളജ്, കേരള വർമ്മ കോളജ് (കാനാട്ടുകര പി.ഒ, തൃശ്ശൂർ), സി.എം.എസ്. ഹൈസ്ക്കൂൾ (സ്വരാജ് റൗണ്ട് വെസ്റ്റ്, മാരാർ റോഡ്, നായ്ക്കനാൽ, തൃശ്ശൂർ) എന്നീ മൂന്നു കേന്ദ്രങ്ങളാണ് പരീക്ഷക്കായി നിശ്ചയിച്ചിട്ടുള്ളത്. രാവിലെ 10.30 മുതൽ 12 വരെയാണ് പരീക്ഷ. ഉദ്യോഗാർഥികൾ നിശ്ചിത സമയത്തിന് അരമണിക്കൂർ മുമ്പ് പരീക്ഷാകേന്ദ്രത്തിൽ എത്തണം. ഹാൾടിക്കറ്റുകൾ തപാൽ മാർഗ്ഗം അയച്ചിട്ടുണ്ട്. മാർച്ച് 5നു മുമ്പ് ഹാൾ ടിക്കറ്റ് ലഭിക്കാത്തവർ 0487 2459800, 2459860, 2459858, 2459831, 2459825 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

# കോവിഡ് മരണം: പ്രവാസി തണൽപദ്ധതി വഴി സഹായ വിതരണം തുടരുന്നു

കോവിഡ് ബാധിച്ച് വിദേശത്തോ സ്വദേശത്തോ മരിച്ച പ്രവാസികളുടെ അവിവാഹിതരായ പെൺമക്കൾക്ക് നോർക്ക റൂട്ട്സിന്റെ പ്രവാസി തണൽ പദ്ധതി വഴിയുള്ള ധനസഹായ വിതരണം തുടരുന്നു. നോർക്ക റൂട്ട്സ് ഡയറക്ടറും പ്രമുഖ വ്യവസായിയുമായ രവി പിള്ളയുടെ നേതൃത്വത്തിലുള്ള ആർ.പി. ഫൗണ്ടേഷനുമായി ചേർന്ന് ആവിഷ്കരിച്ചിരിക്കുന്ന ഈ പദ്ധതിയിലൂടെ 25,000 രൂപയാണ് ഒറ്റത്തവണ സഹായമായി നൽകുന്നത്.

അപേക്ഷിക്കുന്നതിന് വരുമാന പരിധി ബാധകമല്ല. അർഹരായ ഒന്നിലധികം മക്കളുണ്ടെങ്കിൽ ഓരോരുത്തർക്കും സഹായം ലഭിക്കും.

പ്രവാസിയുടെ പാസ്പോർട്ടിന്റെ പകർപ്പ്, മരണ സർട്ടിഫിക്കറ്റ്, കോവിഡ് മരണം സ്ഥിരീകരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്/കോവിഡ് പോസിറ്റീവായ സർട്ടിഫിക്കറ്റ്/ കോവിഡ് പോസിറ്റീവായ ലാബ് റിപ്പോർട്ട് പ്രവാസിയുടെ വിസയുടെ പകർപ്പ്, 18 വയസ്സിനു മുകളിലുള്ള അപേക്ഷകർ അവിവാഹിതയാണെന്നു തെളിയിക്കുന്ന വിലേജാഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, അപേക്ഷകയുടെ ആധാർ, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, അപേക്ഷകയുടെയോ രക്ഷാകർത്താവിന്റെയോ ആക്ടീവായ സേവിംങ്സ് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം. ംംം.ിീൃസമൃീ ീേൃഴ എന്ന വെബ്സൈറ്റിൽ ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. പദ്ധതി വഴി ഇതുവരെ 341 പേർക്ക് 25,000 രൂപ വീതം വിതരണം ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 1800 425 3939 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. 0091 8802 012345 എന്ന നമ്പരിൽ വിദേശത്തു നിന്നും മിസ്സ്ഡ് കോൾ സേവനവും ലഭ്യമാണ്.

# സ്പോട്ട് രജിസ്ട്രേഷൻ

പുരപ്പുറങ്ങളിൽ സബ്സിഡിയോടു കൂടി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന 'സൗര' പദ്ധതിയുടെ സ്പോട്ട് രജിസ്ട്രേഷൻ മാർച്ച് 10,11 തീയതികളിൽ എല്ലാ സെക്ഷൻ ഓഫീസുകളിലും രാവിലെ 10 മുതൽ നാല് വരെ നടക്കും. രജിസ്റ്റർ ചെയ്യേണ്ട 13 അക്ക കൺസ്യൂമർ നമ്പറും, മൊബൈൽ ഫോണുമായി എത്തിച്ചേരണമെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. ഫോൺ: 0474 2740593,

# പക്ഷി സർവേ

ലോക വനദിനാഘോഷത്തോടനുബന്ധിച്ച് കൊല്ലം സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മീനാട് പോളച്ചിറ തണ്ണീർ തടങ്ങളിൽ പക്ഷികളുടെ സർവ്വേ നടത്തി. പക്ഷിനിരീക്ഷകൻ ഡോ. ജിഷ്ണു നേതൃത്വം നൽകി. വിഷ്ണു, അമ്പാടി, റെജി, പ്രസാദ്, ഷിനു, സാബു, ബിജു സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ സെക്ഷൻ ഫോറസ്ട്രി എക്സ്റ്റൻഷൻ സെക്ഷൻ ഓഫീസർമാരായ എം സതീഷ് , എസ്. ആർ. റെജി, എം. നൗഷാദ്, പി. കെ.രമേശ് തുടങ്ങിയവർ പങ്കെടുത്തു.

# വനിതാ ദിനാചരണം

ജില്ലാ ഹോമിയോ ആശുപത്രി സീതാലയം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാദിനം ആചരിച്ചു. പനയം പഞ്ചായത്ത് ഹാളിൽ ജില്ലാ പഞ്ചായത്ത് അംഗം ബി. ജയന്തി ഉദ്ഘാടനം ചെയ്തു. പനയം പഞ്ചായത്ത് പ്രസിഡണ്ട് ഡോ. രാജശേഖരൻ അധ്യക്ഷനായി. സീതാലയം മെഡിക്കൽ ഓഫീസർ ഡോ. മഞ്ജുഷ, ജിജി രമേശ്, ഷീലാകുമാരി, ആശകുമാരി, ഡോ. ബി.മായ തുടങ്ങിയവർ പങ്കെടുത്തു.

# കേരളാ ബജറ്റ്: വെബ് പോർട്ടലും മൊബൈൽ ആപ്പും പുറത്തിറക്കി

സംസ്ഥാന ബജറ്റിനെക്കുറിച്ചുള്ള സമ്പൂർണ വിവരങ്ങളും ബജറ്റ് രേഖകളും അടങ്ങുന്ന വെബ് പോർട്ടലിന്റെയും ബജറ്റ് നിയമസഭയിൽ അവതരിപ്പിച്ചാലുടൻ ബജറ്റ് രേഖകൾ എല്ലാവരിലേക്കും ഓൺലൈനായി എത്തിക്കുന്നതിനുള്ള 'കേരളാ ബജറ്റ്' മൊബൈൽ ആപ്ലിക്കേഷന്റെയും ഉദ്ഘാടനം ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ ബാലഗോപാൽ നിർവഹിച്ചു. യൗറഴലേ.സ ലൃമഹമ.ഴീ.ശി എന്ന ലിങ്ക് ഉപയോഗിച്ച് വെബ് പോർട്ടൽ സന്ദർശിക്കാം. 'ഗലൃമ ഹമ ആൗറഴലേ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേ സ്റ്റോർ, ഐ ഒ എസ് ആപ്പ് സ്റ്റോർ എന്നിവയിൽ നിന്ന് ഇൻസ്റ്റാൾ ചെയ്യാം.

1957 മുതലുള്ള ബജറ്റ് പ്രസംഗങ്ങളുൾപ്പെടെയുള്ള ബജറ്റ് രേഖകൾ പോർട്ടലിൽ ലഭ്യമാണ്. പ്രധാനപ്പെട്ട ബജറ്റ് ഇൻഡിക്കേറ്ററുകൾ ചാർട്ടുകളും ഗ്രാഫുകളുമുൾപ്പെടെയുള്ള ഇൻഫോഗ്രാഫിക്സുകളുടെ സഹായത്തോടെ ലളിതമായി നൽകിയിരിക്കുന്ന പോർട്ടൽ സാമ്പത്തിക വിദഗ്ധർക്കും പൊതുജനങ്ങൾക്കും ഒരുപോലെ ഉപയോഗപ്രദമായ രീതിയിലാണ് വികസിപ്പിച്ചിരിക്കുന്നത്.

ധനമന്ത്രിയുടെ സെക്രട്ടേറിയറ്റിലെ ഓഫീസിൽ നടന്ന ചടങ്ങിൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി രാജേഷ് കുമാർ സിങ്, ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി സഞ്ജയ് എം കൗൾ, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ധനകാര്യ-റിസോഴ്സ്) കെ മുഹമ്മദ് വൈ സഫിറുള്ള, നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ കേരളാ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ മോഹൻ കൃഷ്ണൻ പി വി, സീനിയർ ടെക്നിക്കൽ ഡയറക്ടർ ജി ജയകുമാർ, പ്രിൻസിപ്പൽ സിസ്റ്റം അനലിസ്റ്റ് അനിൽ വി എസ് എന്നിവരും പങ്കെടുത്തു. നാഷണൽ ഇൻഫോമാറ്റിക്സ് സെന്ററാണ് ധനകാര്യ വകുപ്പിന് വേണ്ടി വെബ് പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചത്.

## പ്രൈവറ്റ് രജിസ്ട്രേഷൻ തിരിച്ചറിയൽ കാർഡ് ഡൗൺലോഡ് ചെയ്യണം

സ്കോൾ-കേരള മുഖേന 2021-23 ബാച്ചിൽ ഹയർസെക്കണ്ടറി കോഴ്സ് പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കുകയും നിർദ്ദിഷ്ട രേഖകൾ സമർപ്പിക്കുകയും ചെയ്ത വിദ്യാർത്ഥികളുടെ പരീക്ഷകേന്ദ്രം അനുവദിക്കുന്ന നടപടികൾ പൂർത്തിയായി. രജിസ്ട്രേഷൻ സമയത്ത് വിദ്യാർഥികൾക്ക് അനുവദിച്ച യൂസർ നെയിം, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് ംംം.രെീഹലസലൃ മഹമ.ീൃഴ മുഖേന തിരിച്ചറിയൽ കാർഡ് ഡൗൺലോഡ് ചെയ്തെടുത്ത് അനുവദിച്ചിട്ടുള്ള പരീക്ഷകേന്ദ്രം കോഡിനേറ്ററിംഗ് ടീച്ചറുടെ മേലൊപ്പും സ്കൂൾ സീലും വാങ്ങണം. ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് പ്രസിദ്ധപ്പെടുത്തിയ പരീക്ഷാ വിജ്ഞാപനം അനുസരിച്ച് ബന്ധപ്പെട്ട പരീക്ഷാ കേന്ദ്രത്തിൽ പ്ലസ് വൺ പരീക്ഷ ഫീസ് അടയ്ക്കുകയും ഓറിയന്റേഷൻ ക്ലാസിൽ പങ്കെടുക്കുകയും വേണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 0471-2342950, 2342271, 2342369.

# സർട്ടിഫിക്കറ്റ് കോഴ്സ് സമ്പർക്ക ക്ലാസ്

കേരള നിയമസഭയുടെ 'കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ', കെ-ലാംപ്സ് (പി.എസ്) നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആൻഡ് പ്രൊസീജ്യറിന്റെ എട്ടാമത് ബാച്ചിന്റെ ഒന്നാം ഘട്ട സമ്പർക്ക ക്ലാസ് മാർച്ച് 12, 13 തീയതികളിൽ തിരുവനന്തപുരം നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിലും മാർച്ച് 19, 20 തീയതികളിൽ കോഴിക്കോട് നടക്കാവ് ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസിലും ഏപ്രിൽ രണ്ട്, മൂന്ന് തീയതികളിൽ എറണാകുളം പത്തടിപ്പാലം മെട്രോ സ്റ്റേഷനു സമീപമുള്ള പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ് മിനി കോൺഫറൻസ് ഹാളിലും നടക്കും. രാവിലെ 9.30 മുതൽ വൈകുന്നേരം 5.15 വരെ നടത്തും. സർട്ടിഫിക്കറ്റ് കോഴ്സിന്റെ അഡ്മിഷൻ ഫീസ്, കോഴ്സ് ഫീസ് എന്നിവ അടച്ച പഠിതാക്കൾക്ക് ക്ലാസിൽ പങ്കെടുക്കാം. വിവിധ ജില്ലകളിൽ നിന്നുള്ള പഠിതാക്കൾക്ക് അനുവദിച്ചിട്ടുള്ള പഠനകേന്ദ്രവും മറ്റും വിവരങ്ങളും www.n-iy-am-a-sa-b-h-a.or-g യിൽ അറിയാം.




തിരുവനന്തപുരം വഞ്ചിയൂരിൽ പുതുതായി ആരംഭിച്ച ഖാദി ഗ്രാമ സൗഭാഗ്യ ഷോറൂം വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.